352/2010
22-08-2010

# ഇടയലേഖനം-105

## ജേക്കബ് മനത്തോടത്ത്

ദൈവത്തിന്റെ കാരുണ്യത്താലും അനുഗ്രഹത്താലും
**പാലക്കാട് രൂപതയുടെ മെത്രാൻ**
**മാർ ജേക്കബ് മനത്തോടത്ത്**
രൂപതാംഗങ്ങളായ വൈദികർക്കും സന്യസ്തർക്കും
സഹോദരീസഹോദരന്മാർക്കും കുട്ടികൾക്കും എഴുതുന്നത്.

മിശിഹായിൽ പ്രിയപ്പെട്ടവരേ,

തൃതീയ സീറോ മലബാർ മേജർ അർക്കി എപ്പിസ്കോപ്പൽ അസംബ്ലി 2010 ആഗസ്റ്റ്19 മുതൽ 22 വരെ കാക്കനാട്ടുള്ള നമ്മുടെ സഭാകേന്ദ്രത്തിൽ വച്ച് നടക്കുകയുണ്ടായി. 'വിശ്വാസം ജീവന്റെ സംരക്ഷണത്തിനും സമ്പൂർണ്ണതക്കും' എന്ന വിഷയത്തെ സംബന്ധിച്ച പ്രബന്ധാവതരണങ്ങളും അഭിപ്രായ പ്രകടനങ്ങളും ചർച്ചകളും നടന്നു. ജീവന്റെ സംസ്കാരത്തെ സമഗ്രമായി പ്രോത്സാഹിപ്പിക്കാനും ഇന്നിന്റെ വെല്ലുവിളിയായ മരണസംസ്കാരത്തെ തിരിച്ചറിഞ്ഞ് അതിനെതിരെ പോരാടാനും ഉപയുക്തമായ നിർദ്ദേശങ്ങളാണ് ചർച്ചകളിൽ നിന്ന് ഉരുത്തിരിഞ്ഞത്.

ക്രിസ്തുവിന്റെ വ്യക്തിത്വവും പ്രബോധനങ്ങളും അറിയുകയും മനസ്സിലാക്കുകയും ബുദ്ധികൊണ്ട് അംഗീകരിക്കുകയും ചെയ്യുന്നതിനുപരി, അവിടത്തെ ദൈവത്തിന്റെ അഭിഷിക്തനായി ഹൃദയം കൊണ്ടു സ്വീകരിക്കുകയും അവിടുന്നുമായിജീവദ്ബന്ധം സ്ഥാപിക്കുകയും ചെയ്യുന്നതിലാണ് ക്രൈസ്തവവിശ്വാസം അടങ്ങിയിരിക്കുന്നത്. അത്തരമൊരു ബന്ധത്തിലൂടെ, അവിടുന്നു പ്രദാനം ചെയ്യുന്ന ദൈവികജീവനിൽ നാമും ഭാഗഭാക്കുകളായിത്തീരുന്നു. അതുകൊണ്ടാണ് യേശു പറഞ്ഞത്: ' 'ഞാൻവന്നിരിക്കുന്നത് അവർക്ക് ജീവനുണ്ടാകാനും അത് സമൃദ്ധമായി ഉണ്ടാകുവാനും വേണ്ടിയാണ്" എന്ന് (യോഹ. 10:10). സമൃദ്ധമായി നമുക്കു നൽകപ്പെടുന്ന ഇ ൗ ദൈവിക





ജീവന്റെ വളർച്ച തന്നെയാണ് വിശ്വാസത്തിന്റെവളർച്ച. ദൈവിക ജീവനിലെക്ക് നമ്മൾ വളരുമ്പോൾ ഉത്തരവാദിത്വമുള്ള ദൈവമക്കൾ എന്ന നിലയിൽ, വിശ്വാസത്തിന്റെ ദൃഷ്ടിയിലൂടെ മനുഷ്യരെയും പ്രപഞ്ചത്തെ മുഴുവനും ജീവന്റെ സമഗ്രതയിൽ നാം വീക്ഷിക്കും. നമ്മുടെ വിശ്വാസം അതിന് നമ്മെ നിർബന്ധിക്കുന്നു.

മനുഷ്യജീവനെപ്പറ്റി നമ്മുടെ വിശ്വാസം പഠിപ്പിക്കുന്ന പ്രധാനപ്പെട്ട കാര്യങ്ങൾ ഒരിക്കൽക്കൂടി ഞാൻ നിങ്ങളുടെ ശ്രദ്ധയിൽപെടുത്തട്ടെ. മനുഷ്യജീവൻ അടിസ്ഥാനമൂല്യമാണ്. അതായത് ഏതെങ്കിലും വ്യക്തിയൊ സമൂഹമൊ ഭരണഘടനയൊ സാമ്പത്തികക്രമമൊ കല്പ്പിച്ചുകൊടുക്കുന്നതുകൊണ്ട് കിട്ടുന്ന മൂല്യമല്ല മനുഷ്യജീവന്റേത്. കാരണം ദൈവമാണ് ജീവന്റെ ആദികാരണം. ദൈവത്തിന്റെ സവിശേഷമായ സൃഷ്ടികർമ്മത്തിന്റെ ഫലമാണ് മനുഷ്യജീവൻ. ദൈവം മനുഷ്യരെ തന്റെ ഛായയിലും സാദൃശ്യത്തിലുമാണ് സൃഷ്ടിച്ചത് (ഉത്പത്തി 1: 26-27). അതിനാൽ വിവിധ ലക്ഷ്യങ്ങൾ നേടാനുള്ള മാർഗ്ഗമായി മനുഷ്യജീവനെ ഉപയോഗിച്ചുകൂടാ. പൊതുനന്മ ഉറപ്പാക്കാനുള്ള എല്ലാ സാമൂഹിക, സാമ്പത്തിക, രാഷ്ട്രീയ സംവിധാനങ്ങളും ശ്രമങ്ങളും മനുഷ്യജീവനെ മാനിക്കുന്നതാകണം. അതുകൊണ്ട് ഏതാനും പേരുടെ ജീവനെ ബലികൊടുത്ത് ഭൂമിയിൽ പറുദീസ സൃഷ്ടിക്കാനുള്ള ഒരു ശ്രമവും നമുക്ക് സ്വീകാര്യമല്ല. കാരണം ഓരോ ജീവനും ദൈവത്തിന്റെ മുമ്പിൽ വിലപ്പെട്ടതാണ്. ദൈവം മനുഷ്യനെ സൃഷ്ടിക്കുന്നത് ഓരോ വ്യക്തികളായിട്ടാണ്; ആൾക്കൂട്ടം എന്ന നിലയ്ക്കല്ല.

മനുഷ്യജീവൻ തന്നെയാണ് ഏറ്റവും ഉയർന്ന മൂല്യവും. കാരണം, മണ്ണിൽനിന്ന് സൃഷ്ടിക്കപ്പെട്ടവനാണെങ്കിലും മനുഷ്യൻ ഭൂമിയിൽ ദൈവച്ഛായയിൽ സൃഷ്ടിക്കപെട്ടവനാണ്. ഏറ്റം ഉയർന്ന മൂല്യമായതുകൊണ്ട് മറ്റ് മിക്ക മൂല്യങ്ങളേക്കാളും മനുഷ്യജീവനാണ് പ്രാധാന്യം. ഉദാഹരണത്തിന്, ജീവനുമായി താരതമ്യപ്പെടുത്തുമ്പോൾസൽപ്പേര്, പദവി, സ്വകാര്യസ്വത്ത്, തുടങ്ങിയവയൊക്കെ ചെറിയ മൂല്യങ്ങളാണ്. ഇവ സംരക്ഷിക്കാൻ വേണ്ടി അവനവന്റെയോ മറ്റുള്ളവരുടെയോ ജീവൻ നഷ്ടപ്പെടുത്തിക്കൂടാ. ജീവൻ ഏറ്റവും ഉന്നതമായ മൂല്യമാണെന്ന് പറയുമ്പോഴും ഒരു വിശ്വാസിക്ക് തന്റെ ഐഹികജീവിതം ഏറ്റവും ശ്രേഷ്ഠമാണെന്ന് പറയാനാവില്ല. ജീവന്റെ സുവിശേഷം എന്ന



**Palakkad Rupatha Bulletin**
Editor: Fr. Jaimon Pallineerakkal, Published by: Fr. Dominic Aippenparambil, Bishop's House, Palakkad - 678 004.

ചാക്രിക ലേഖനത്തിൽ ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പ ഇക്കാര്യം വ്യക്തമാക്കുന്നുണ്ട് (E.V. - 47). സ്വന്തം ജീവൻ ത്യജിച്ചും സംരക്ഷിക്കേണ്ട മൂല്യങ്ങളുണ്ട്. അവയിലൊന്നാണ് ക്രിസ്തീയവിശ്വാസം. വിശ്വാസത്തിനു വേണ്ടി ജീവൻ ത്യജിക്കാൻ രക്തസാക്ഷികൾ തയ്യാറായതിന്റെ കാരണം അതാണ്.

മനുഷ്യജീവന് അതുല്യമായ മഹത്വമുണ്ട് (dignity). മനുഷ്യജീവൻ പവിത്രമാണ്. കാരണം, മനുഷ്യൻ ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ടിരിക്കുന്നു. അതുകൊണ്ടു തന്നെ ദൈവവുമായി ഗാഢബന്ധം സ്ഥാപിക്കാൻ മനുഷ്യന് കഴിവുണ്ട്. അതിനായി അവൻ വിളിക്കപ്പെട്ടിരിക്കുന്നു. അതിനാൽ മനുഷ്യജീവന്റെ മൂല്യം അതിന്റെ ഗുണമേന്മയിലല്ല അടങ്ങിയിരിക്കുന്നത്; മറിച്ച് അതിന്റെ പവിത്രതയിലാണ്. മാനസികമോ ശാരീരികമോ ആയ വൈകല്യങ്ങൾ ഉള്ളവർക്ക് മാനുഷിക ഗുണമേന്മ കുറവാണ്; പക്ഷെ അവരുടെ ജീവന്റെ പവിത്രതക്ക് കുറവൊന്നുമില്ല. അതുകൊണ്ടാണ് അങ്ങനെയുള്ളവരുടെ എല്ലാവിധ മനുഷ്യമഹത്വവും അംഗീകരിച്ച് നാമവരെ സംരക്ഷിക്കുന്നത്.

ജീവൻ ദൈവത്തിന്റെ ദാനമാണ്. ആരും ഉണ്ടാക്കിയെടുക്കുന്നതല്ല മനുഷ്യജീവൻ. മാതാപിതാക്കൾ സൃഷ്ടാവായ ദൈവത്തിന്റെ സ്ഥാനത്തുനിന്ന് മക്കൾക്ക് ജന്മം കൊടുക്കുകയാണ് ചെയ്യുന്നത്. അതുകൊണ്ടാണ് മക്കളെ ജനിപ്പിക്കുന്നതിനെ ദൈവശാസ്ത്ര പാര മ്പര്യം പ്രത്യുത്പാദനം എന്ന് വിളിക്കാതെ ദൈവത്തിന്റെ സൃഷ്ടി കർമ്മത്തിലുള്ള സഹകരണം (Procreation) എന്ന് വിശേഷിപ്പിക്കുന്നത്. ജീവൻ ദൈവദാനമായതു കൊണ്ട് മനുഷ്യൻ സ്വന്തം ജീവന്റേയൊഅന്യരുടെ ജീവന്റെയൊ ഉടമകളല്ല, കാര്യസ്ഥൻ മാത്രമാണ്. മനുഷ്യജീവനെ കച്ചവടവിധേയമാക്കാൻ പാടില്ല. മനുഷ്യശരീരം മാത്രമല്ല, അവയവങ്ങളും വിൽപനവിധേയമല്ല. ജീവൻ ദൈവദാനമായതുകൊണ്ട് മക്കളുണ്ടാവുക എന്നതിനെ ദമ്പതികളുടെ അവകാശമായി കാണാനാവില്ല. ദൈവം കനിവൊടെ നൽകേണ്ട ദാനമാണത്.

മനുഷ്യജീവൻ അലംഘനീയമാണ്. അതായത്, മനുഷ്യജീവൻ ഒരു തരത്തിലും നശിപ്പിക്കപ്പെട്ടുകൂടാ. കൊല്ലരുത് എന്ന അഞ്ചാംപ്രമാണം കൊണ്ട് ദൈവം സംരക്ഷിക്കുന്നത് അലംഘനീയമായ മനുഷ്യജീവനെ





യാണ്. മനുഷ്യജീവൻ ഉരുവാകുന്ന ആദ്യനിമിഷം മുതൽ മരണംവരെ ജീവനെ സംരക്ഷിക്കനുള്ള കടമ നമുക്കുണ്ട്. രണ്ടാം വത്തിക്കാൻ കൗൺസിൽ ഇക്കാര്യം ശക്തമായി പഠിപ്പിക്കുന്നുണ്ട്. ഈ ബോധ്യം സഭയുടെ ആരംഭം മുതൽ ഉണ്ടായിരുന്നു. അതുകൊണ്ടാണ് കൊലപാതകവും ഗർഭഛിദ്രവും കൊടിയ പാപങ്ങളായി സഭയിൽ എക്കാലത്തും കണക്കാക്കപ്പെടുന്നത്. ഗർഭസ്ഥശിശുവിനെ കൊല്ലുന്നത് കൊലപാതകത്തേക്കാളും ഹീനമാണെന്ന് വി. ക്രിസോസ്തം പഠിപ്പിച്ചു. നശിപ്പിക്കണം എന്ന ഉദ്ദേശ്യത്തോടെ ജീവനെ നശിപ്പിക്കാൻ മതിയായ ഒരു കാരണവും ഇല്ല എന്നതാണ് വാസ്തവം.

ജീവൻ നശിപ്പിക്കണമെന്ന ഉദ്ദേശ്യമില്ലെങ്കിൽകൂടെയും നമ്മുടെ ചില പ്രവൃത്തികളും സാഹചര്യങ്ങളും ജീവന് വിരുദ്ധമായി മാറാം. ഉദാഹരണത്തിന്, മനുഷ്യമഹത്വത്തെ ഹാനിക്കുന്ന ദാരിദ്ര്യം, മയക്കുമരുന്നിന്റെ ഉപയോഗം, മദ്യപാനം, അനിയന്ത്രിതമായ രാസവളപ്രയോഗം, അപകടം ക്ഷണിച്ചുവരുത്തുന്ന ട്രാഫിക്ക് സംവിധാനങ്ങൾ, ശ്രദ്ധക്കുറവോടെ വാഹനം ഓടിക്കൽ, അപകടകരമായ തൊഴിലിടങ്ങൾ, നിർബന്ധിത കുടിയിറക്ക് മുതലായവ. അതുകൊണ്ടുതന്നെ ജീവോന്മുഖമായ സമൂഹം വ്യക്തികളുടെ ഭൗതികക്ഷേമംകൂടെ കണക്കിലെടുത്തേ മതിയാകൂ. ഇതിനാലാണ് സഭ വിവിധതരം സാമൂഹിക സേവനത്തിൽ വ്യാപൃതയാകുന്നത്. ഇതേകാരണം കൊണ്ടു തന്നെയാണ് സഭ രാജ്യത്തെ സാമ്പത്തിക നയങ്ങളെയും രാഷ്ട്രീയ നിലപാടുകളെയും ശ്രദ്ധയോടെ പരിഗണിക്കുന്നതും ചിലപ്പോഴെല്ലാം അവക്കെതിരെ പ്രതികരിക്കുന്നതും. എന്ത് ഉത്പാദിപ്പിക്കുന്നു എന്നു നോക്കി മാത്രമല്ല സാമ്പത്തിക ക്രമത്തെ നാം വിലയിരുത്തേണ്ടത്. അത് മനുഷ്യജീവിതത്തെ എങ്ങനെ സ്പർശിക്കുന്നുവെന്ന കാര്യം കൂടി നാം കണക്കിലെടുക്കണം. മനുഷ്യജീവനെ പ്രത്യക്ഷമായോ പരോക്ഷമായോ നശിപ്പിക്കുന്ന ഒരു സാമ്പത്തിക ക്രമവും സ്വീകരിക്കുവാൻ വിശ്വാസംനമ്മെ അനുവദിക്കുന്നില്ല.

സ്രഷ്ടാവായ ദൈവം ജീവന്റെ ദൈവമാണ്. അതായത്, ജീവൻ സൃഷ്ടിക്കുകയും പോഷിപ്പിക്കുകയും പരിപാലിക്കുകയും ചെയ്യുന്നവനാണ് ദൈവം. ദൈവത്തിന്റെ അടിസ്ഥാന വിശേഷണങ്ങളിലൊന്ന് ജീവിക്കുന്ന ദൈവം എന്നതാണ്. ഈശോയാകട്ടെ താൻ ജീവൻ തന്നെയാണെന്ന് വെളിപ്പെടുത്തിക്കൊണ്ട് പറഞ്ഞു : ‘ ‘ഞാൻ വഴിയും



**Palakkad Rupatha Bulletin**
Editor: Fr. Jaimon Pallineerakkal, Published by: Fr. Dominic Aippenparambil, Bishop's House, Palakkad - 678 004.

സത്യവും ജീവനുമാകുന്നു" (യോഹ. 14:6). അവനിൽ ജീവനുണ്ടായിരുന്നു; ആ ജീവൻ മനുഷ്യരുടെ വെളിച്ചമായിരുന്നു (യോഹ. 1:4). അവിടുന്ന് മാംസം ധരിച്ച ജീവന്റെ വചനമായിരുന്നു (1 യോഹ. 1:1). അവിടുന്ന് നമുക്ക് നൽകിയത് ജീവന്റെ വചനമായിരുന്നു. ജീവനെ തിരസ്കരിക്കുന്നവർ യഥാർത്ഥത്തിൽ തിരസ്കരിക്കുന്നത് ക്രിസ്തുവിനെയും അവിടുത്തെ ജീവന്റെ വചനത്തെയുമാണ്. മനുഷ്യജീവനെ ജീവശാസ്ത്രപരമായി മാത്രം നാം കാണരുത്. ജീവന്റെ സമൃദ്ധിയുളവാകും വിധം മനുഷ്യ ജീവന്റെ ആത്മീയവും മാനസ്സികവും സാമൂഹിക വുമായ മാനങ്ങൾ കൂടി നാം പരിഗണിക്കണം. എങ്കിലേ ജീവനോടുള്ള നമ്മുടെ സമീപനം സമഗ്രമാകൂ. ചുരുക്കത്തിൽ, ശരിക്കും ജീവോന്മുഖമായ സമൂഹം എന്നാൽ കൂടുതൽ കുഞ്ഞുങ്ങളുണ്ടാകുന്ന സമൂഹം എന്ന് മാത്രമല്ല അർത്ഥം; മറിച്ച്, ഓരോ കുഞ്ഞിന്റെയും ആത്മീയവും ശാരീരികവും മാനസികവും സാമൂഹികവുമായ വളർച്ച ഉറപ്പു വരുത്തുന്നതിൽ താത്പര്യമെടുക്കുന്ന സമൂഹം എന്നും കൂടിയാണ്.

ദൈവത്താൽ സൃഷ്ടിക്കപ്പെടുന്നമനുഷ്യജീവൻ പിന്നീടൊരിക്കലും ഇല്ലതാകുന്നില്ല. മരണത്തോടെ ജീവന്റെ അവസ്ഥക്ക് മാറ്റം വരുന്നതേയുള്ളു. ഈ ഭൂമിയിൽ അവസാനിക്കുന്നതല്ല മനുഷ്യജീവൻ. ദൈവം മനുഷ്യനെ അനശ്വരതക്കുവേണ്ടി സൃഷ്ടിച്ചു; തന്റെ അനന്തതയുടെ സാദൃശ്യത്തിൽ സൃഷ്ടിച്ചു എന്നാണ് ജ്ഞാനത്തിന്റെ പുസ്തകം (2:23) പഠിപ്പിക്കുന്നത്. അതായത്, ഓരോ ജീവനും ആത്യന്തികമായി ദൈവത്തൊടുകൂടെയായിരിക്കാൻ വേണ്ടിയാണ് സൃഷ്ടിക്കപ്പെട്ടിരിക്കു ന്നത്. ഇതിന് ദൈവവുമായും മറ്റുള്ളവരുമായും പ്രകൃതിയുമായും അവനവനുമായും മനുഷ്യന് ഉണർവുള്ളബന്ധങ്ങൾ വേണം. ഇ ൗ ലോക ജീവിതം സുഖകരമാക്കുക എന്ന ലക്ഷ്യത്തോടെ മാത്രം ജീവിക്കുന്നവർ ജീവനെ അതിന്റെ സമഗ്രതയിൽ വീക്ഷിക്കാത്തവരാണ്.

മനുഷ്യജീവനുള്ള മഹത്വം മറ്റ് ജീവജാലങ്ങൾക്ക് അവകാശപ്പെടാനാവില്ലെങ്കിലും അവയുടെ മൂല്യം നമുക്ക് അവഗണിക്കാനാവില്ല. മനുഷ്യജീവന്റെ നിലനിൽപ്പുതന്നെ മറ്റ് ജീവജാലങ്ങളുടെ സുസ്ഥിതിയുമായി ബന്ധപ്പെട്ടിരിക്കുന്നു. എല്ലാ ജീവരൂപങ്ങളുംനമ്മുടെ ആദരം അർഹിക്കുന്നു. കാരണം ഏതുതരം ജീവനും ദൈവത്തിന്റെ സവിശേഷ സൃഷ്ടിയാണ്. മനുഷ്യജീവനെ ഗൗരവമായിട്ടെടുക്കുന്ന





സമൂഹം എല്ലാത്തരം ജീവനെയും പ്രകൃതിയെത്തന്നെയും സംരക്ഷിക്കും. അവയുടെ അമിത ഉപയോഗത്തിൽ നിന്നും ദുരുപയോഗത്തിൽ നിന്നും അവർ പിന്തിരിയും. ജൈവഘടനയെ ബാധിക്കുന്നതും മണ്ണിനെ മലിനമാക്കുന്നതുമായ പ്രവർത്തനങ്ങൾ മൂലം പ്രകൃതി നശിക്കുന്നു എന്ന് മാത്രമല്ല, അത് മനുഷ്യജീവനെതിരെ പ്രതികരിക്കുക കൂടി ചെയ്യുന്നു. വർദ്ധിച്ചുവരുന്ന പ്രകൃതിക്ഷോഭങ്ങളും രോഗ ങ്ങളും അതിന്റെ തെളിവാണ്. പ്രകൃതിയെ നാം സംരക്ഷിച്ചാൽ, പ്രകൃതി നമ്മെയും സംരക്ഷിക്കും.

ഈശോ ജീവൻ തന്നെയാണ്. അവിടുന്ന് വന്നത്, നമുക്ക് ജീവൻ ഉണ്ടാകുവാനും അതു സമൃദ്ധമായിഉണ്ടാകുവാനും വേണ്ടിയാണ് (യോഹ. 10: 10). ജീവന്റെ സുവിശേഷമാണ് അവിടുന്ന് നമ്മെ പഠിപ്പിച്ചത്. അതാണ് നാം അനുസരിക്കേണ്ടത്. അപ്പോൾ നമ്മുടെ തീരുമാനങ്ങളും നിലപാടുകളും പദ്ധതികളും ജീവിതശൈലിയും മനുഷ്യജീവനെ, നമ്മുടെയും മറ്റുള്ളവരുടെയും ജീവനെ, കൂടുതൽ പോഷിപ്പിക്കുന്നതും പ്രകൃതിയെ സംരക്ഷിക്കുന്നതുമാകും. നമ്മുടെ ജീവിതത്തിന്റെ ആഭിമുഖ്യങ്ങളും സമസ്തമേഖലകളും കൂടുതൽ ജീവാനുകുലമാക്കുവാനും അതുവഴി നാം, ജോൺ പോൾ രണ്ടാമൻ പാപ്പായുടെ വാക്കുകളിൽ, 'ജീവന്റെ ജന'മായി മാറാനും ജീവദാതാവായ കർത്താവു നമ്മെ എല്ലാവരെയും അനുഗ്രഹിക്കട്ടെ.

നമ്മുടെ കർത്താവീശോമിശിഹായുടെ + കൃപയും പിതാവായ ദൈവത്തിന്റെ സ്നേഹവും + പരിശുദ്ധാത്മാവിന്റെ സഹവാസവും + നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ.

യേശുവിൽ നിങ്ങളുടെ വത്സലപിതാവ്,

+ J. Manathodath

**മാർ ജേക്കബ് മനത്തോടത്ത്**

പാലക്കാട് രൂപതയുടെ മെത്രാൻ

NB: ഈ ഇടയലേഖനം സെപ്റ്റംബർ 12-ാം തീയതി ഞായറാഴ്ച കുർബാന മദ്ധ്യേ എല്ലാ പള്ളികളിലും പൊതുജനങ്ങൾക്കായി ഞായറാഴ്ച കുർബനയുള്ള സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്.



**Palakkad Rupatha Bulletin**
Editor: Fr. Jaimon Pallineerakkal, Published by: Fr. Dominic Aippenparambil, Bishop's House, Palakkad - 678 004.

26-2010
22.08.10

# വിജ്ഞാപനം - 97

ഈ വർഷത്തെ രൂപതാദിനം സെപ്റ്റംബർ മാസം 12-ാം തിയതി ഞായറാഴ്ചയാണല്ലോ. നമ്മുടെ രൂപത വിഭജിച്ച് രാമനാഥപുരം രൂപതാ സ്ഥാപിതമായശേഷമുള്ള ആദ്യത്തെരൂപതാദിനമാണിത്. രാമനാഥപുരം രൂപതയേയും നമ്മുടെ പ്രാർത്ഥനയിൽ നമുക്ക് ഓർക്കാം. കഴിഞ്ഞ വർഷം രൂപതാദിനാചരണം ഇടവകകൾ കേന്ദ്രീകരിച്ചു മാത്രമല്ല, രൂപതാതലത്തിലും വിവിധ പരിപാടികളോടുകൂടെ നാം നടത്തുകയുണ്ടായി. രൂപതാതലത്തിലുള്ള ആഘോഷം മൂന്നു വർഷത്തിലൊരിക്കൽ നടത്താനാണ് ഉദ്ദേശിക്കുന്നത്. രൂപതയ്ക്കുവേണ്ടി പ്രത്യേകവിധം പ്രാർത്ഥിക്കുന്നതിനും അതിനെ വളർത്തുന്ന ദൈവത്തിനു നന്ദിപ്രകാശിപ്പിക്കുന്നതിനുമുള്ള അവസരമാണ് രൂപതാദിനം.' 'ഞാൻ നട്ടു; അപ്പോളോ നനച്ചു, എന്നാൽ ദൈവമാണ് വളർത്തിയത്" എന്നാണല്ലോ വിശുദ്ധ പൗലോസ്ശ്ലീഹാ വ്യക്തമാക്കുന്നത്. നട്ടവരും നനച്ചവരും ദൈവത്തിന്റെ കൂട്ടുവേലക്കാരായി വർത്തിച്ചവരാണ്. അവരുടെ മുൻ നിരയിൽ നില്ക്കുന്നത് അഭിവന്ദ്യ ജോസഫ് ഇരിമ്പൻപിതാവാണ്. പിതാവിനേയും നമുക്കു വേണ്ടി ശുശ്രൂഷ ചെയ്തുകടന്നുപോയ എല്ലാവരേയും രൂപതാദിനത്തിൽ നാം സ്നേഹത്തോടും കൃതജ്ഞതയോടുംകൂടി അനുസ്മരിക്കണം. അവർക്കുവേണ്ടി പ്രാർത്ഥിക്കണം. അവരുടെ പ്രാർത്ഥനാസഹായം തേടണം. അപ്രകാരമാണ് രൂപതാദിനാചരണം അർത്ഥവത്തും അനുഗ്രഹപ്രദവുമാക്കേണ്ടത്. നാമോരോരുത്തരും ദൈവത്തിന്റെകൂട്ടുവേലക്കാരാണ്. നമ്മുടെ കർത്തവ്യങ്ങൾ വിശ്വസ്തതയോടെ അനുഷ്ഠിക്കുകയും അവയ്ക്കുവേണ്ടി ആത്മാർപ്പണം ചെയ്യുകയും ചെയ്യുമ്പോൾ ദൈവം നമ്മേയും നമ്മുടെ കുടുംബങ്ങളേയും സമൂഹങ്ങളേയും ഇടവകകളേയും രൂപതയേയും തുടർന്നും വളർത്തും. എല്ലാവരും നമ്മുടെ പുരോഗതികാണുവാൻ ഇടയാകും (1 തിമോ. 4.15). അപ്രകാരമുള്ള ഒരാത്മാർപ്പണത്തിന്റെ അവസരമാകട്ടെ ഈ രൂപതാദിനം എന്നു പ്രാർത്ഥിച്ചുകൊണ്ട് നിങ്ങൾക്കേവർക്കും രൂപതാദിനത്തിന്റെ മംഗളങ്ങൾ ഞാൻ സ്നേഹപൂർവ്വം നേരുന്നു.

യേശുവിൽ നിങ്ങളുടെ വത്സലപിതാവ്,

+ J. Manathodath

**മാർ ജേക്കബ് മനത്തോടത്ത്**

പാലക്കാട് രൂപതയുടെ മെത്രാൻ

NB: ഈ ഇടയലേഖനം സെപ്റ്റംബർ 12-ാം തീയതി ഞായറാഴ്ച കുർബാന മദ്ധ്യേ എല്ലാ പള്ളികളിലും പൊതുജനങ്ങൾക്കായി ഞായറാഴ്ച കുർബനയുള്ള സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്.





27-2010
22.08.10

# വിജ്ഞാപനം- 98

വന്ദ്യ സഹോദര വൈദികരെ,

നമ്മുടെ രൂപതയിലെ വൈദികരുടെ വാർഷിക ധ്യാനം 2010 സെപ്തംബർ 13-ാം തിയ്യതി തിങ്കളാഴ്ച വൈകുന്നേരം 7.00 മണിക്ക് ആരംഭിച്ച് 18-ാം തീയതി ശനിയാഴ്ച രാവിലെ അവസാനിക്കുന്നതാണ്. പതിവുപോലെ യുവക്ഷേത്രയിൽ വെച്ചാണ് ധ്യാനം നടക്കുന്നത്. ധ്യാനം അനുഗ്രഹപ്രദമാകുന്നതിന് നമ്മൾ പ്രാർത്ഥിക്കുകയും ജനങ്ങളുടെ പ്രാർത്ഥനാസഹായം തേടുകയും വേണം. ഇരിങ്ങാലക്കുട രൂപതയുടെ വികാരി ജനറാൾ മോൺ. വിൻസെന്റ് ആലപ്പാട്ട് അച്ചനാണ്. ധ്യാനഗുരു. അദ്ദേഹത്തിനുവേണ്ടിയും നമുക്കു പ്രാർത്ഥിക്കാം.

**ധ്യാനത്തിനുവരുമ്പോൾ കൊണ്ടുവരേണ്ടവ:**

- കുർബാന കണക്കുപുസ്തകം
- കുമ്പസാര അനുവാദപത്തോന്തി
- ബൈനേഷൻ ട്രൈനേഷൻ കണക്കുകൾ
- രൂപതാ വൈദികർ വൈദികക്ഷേമനിധിയിലേക്ക് ചൊല്ലിയ കുർബാനകളുടെ കണക്ക്

രൂപതയിലെ എല്ലാ വൈദികരും ധ്യാനത്തിൽ സംബന്ധിക്കേണ്ടതാണ്. രൂപതയിൽ സേവനം ചെയ്യുന്ന മറ്റു വൈദികർ ഈ ധ്യാനത്തിൽ സംബന്ധിക്കുവാൻ ആഗ്രഹിക്കുന്നുണ്ടെങ്കിൽ വിവരം മുൻകൂട്ടി രൂപതാകച്ചേരിയിൽ അറിയിക്കേണ്ടതാണ്.

രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ വൈദികരെ സംബന്ധിക്കുന്ന പ്രമാണരേഖ നമ്മളെല്ലാവരും സശ്രദ്ധം വായിക്കുകയും പഠിക്കുകയും അതിലെ അനുശാസനങ്ങൾ അനുസരിക്കുകയും ചെയ്യേണ്ടതാണ്. നാം വിളിക്കപ്പെട്ടിരിക്കുന്നത് അജപാലകരാകാൻവേണ്ടി



**Palakkad Rupatha Bulletin**
Editor: Fr. Jaimon Pallineerakkal, Published by: Fr. Dominic Aippenparambil, Bishop's House, Palakkad - 678 004.

മാത്രമല്ല, നല്ല ഇടയനായ ഈശോയെപോലെ നല്ല അജപാലകാനുമാണ്. വൈദികന്റെ മാതൃക ഈശോയാണ്. അപ്പസ്തോലന്മാരും വിശുദ്ധ ജോൺ മേരി വിയാനിയേയും വാഴ്ത്തപ്പെട്ട കുഞ്ഞച്ചനേയും പോലുള്ള വിശുദ്ധ ജീവിതം നയിച്ച വൈദികർ അനുകരിച്ചത് ഈശോയെയാണ്. ഇതേപറ്റി കൗൺസിൽ നൽകുന്ന ഉദ്ബോധനം ധ്യാനത്തിന് നാം ഒരുങ്ങുന്ന ഈ അവസരത്തിൽ ഞാൻ നിങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

No.3. “പാപപരിഹാരാർത്ഥം ബലികളും കാഴ്ചകളും സമർപ്പിക്കാൻ മനുഷ്യരിൽ നിന്ന് തിരഞ്ഞെടുക്കപ്പെട്ട് മനുഷ്യർക്കുവേണ്ടി ദൈവീകകാര്യങ്ങളിൽ നിയുക്തരായിരിക്കുന്നവരാണ് വൈദീകർ. സ്വന്തം സഹോദരങ്ങളെപോലെ അവർ മറ്റുള്ളവരോടും വർത്തിക്കുന്നു. ഇപ്രകാരമായിരുന്നു ദൈവസുതനായ ക്രിസ്തു- മനുഷ്യരുടെ ഇടയിലേക്ക് ഒരു മനുഷ്യനായിതന്നെ ദൈവപിതാവ് അയച്ച ക്രിസ്തു- നമ്മുടെ ഇടയിൽ വസിച്ചത്. പാപമൊഴിച്ച് മറ്റു സകലതിലും സ്വസഹോദരങ്ങളെപ്പോലെ ആയിത്തീരാൻ അവിടുന്ന് ആഗ്രഹിച്ചു. അപ്പസ്തോലന്മാർ അവിടുത്തെയാണ് അനുകരിച്ചത്. (റോമ.1.1). ദൈവത്തിന്റെ സുവിശേഷത്തിനുവേണ്ടി വേർതിരിക്കപ്പെട്ടവനും പുറം ജാതികളുടെ ഉപദേഷ്ടാവുമായ വി. പൗലോസ് എല്ലാവരേയും രക്ഷിക്കാൻ എല്ലാവർക്കും എല്ലാമായിത്തീർന്നു എന്ന് ഉദ്ഘോഷിക്കുന്നു. പുതിയ നിയമത്തിലെ പുരോഹിതർ ദൈവാഹ്വാനവും ഗുരുപട്ടവും വഴി ദൈവജനത്തിനുള്ളിൽത്തന്നെ വേർതിരിക്കപ്പെട്ടിരിക്കുകയാണെന്നും പറയാം. എന്നാൽ ഇത് ദൈവജനത്തിൽ നിന്നും മനുഷ്യസമുദായത്തിൽ നിന്നു തന്നെയും അകന്നു നിൽക്കാൻവേണ്ടിയല്ല പ്രത്യുത ദൈവം തങ്ങളെ ഏൽപ്പിച്ചിരിക്കുന്ന വേലയ്ക്ക് സമ്പൂർണ്ണമായി സ്വയം സമർപ്പിക്കാൻ വേണ്ടിയാണ്.

ഈ ലോകജീവിതത്തിൽ നിന്ന് വ്യത്യസ്തമായ ഒരു ജീവിതത്തിന് സാക്ഷ്യം വഹിക്കുന്നവരും അതിനെ കൈകാര്യം ചെയ്യുന്നവരും ആകുന്നില്ലെങ്കിൽ ദൈവത്തിന്റെ ശുശ്രൂഷകരായിത്തീരാൻ അവർക്ക്





സാധിക്കുകയില്ല. എന്നാൽ മനുഷ്യ ജീവിതത്തോടും സാഹചര്യങ്ങളോടും ബന്ധമില്ലാതെ അന്യരായികഴിയുന്നെങ്കിൽ മറ്റുള്ളവർക്ക് സേവനം ചെയ്യാനും അവർക്ക് കഴിയുകയില്ല. അവരുടെ ശുശ്രൂഷാകർമ്മം തന്നെ ഈ ലോകത്തോട് അനുരൂപപ്പെടാതിരിക്കാൻ അവരെ പ്രത്യേകവിധം നിർബന്ധിക്കുന്നു. എന്നാൽ അതേ സമയം തന്നെ മനുഷ്യരുടെ ഇടയിൽ ജീവിക്കാൻ അവരുടെ പൗരോഹിത്യധർമ്മം ആവശ്യപ്പെടുന്നുമുണ്ട്. തങ്ങളുടെ അജഗണത്തെ അറിയുന്ന നല്ല അജപാലകരെപ്പോലെ ഈ പറ്റത്തിൽ ഉൾപ്പെടാത്ത ആടുകളേയും തേടിപ്പിടിച്ചുകൊണ്ടുവരിക, അവരും ക്രിസ്തുവിന്റെ സ്വരം ശ്രവിക്കാൻ ഇടയാക്കുക. അങ്ങനെ ഏക തൊഴുത്തും ഏക ഇടയനും ആക്കിത്തീർക്കുക, ഇവയാണ് ഈ പൗരോഹിത്യ ധർമ്മം ആവശ്യപ്പെടുന്നത്. ഈ ലക്ഷ്യം പ്രാപിക്കാൻ മാനുഷിക വ്യാപാരങ്ങളിൽ വളരെയധികം വിലമതിക്കപ്പെടുന്ന ഹൃദയമേന്മ, ആത്മാർത്ഥത, സ്ഥിരവും ദൃഢവുമായ മനസ്ഥിതി, നീതിക്കുവേണ്ടിയുള്ള അടങ്ങാത്ത ദാഹം, മര്യാദ എന്നീ ഗുണങ്ങളും വിശുദ്ധ പൗലോസ് ചൂണ്ടിക്കാണിക്കുന്ന മറ്റു ഗുണങ്ങളും വൈദീകരെ വളരെയധികം സഹായിക്കും. അദ്ദേഹം പറയുന്നു:“ സത്യമായിട്ടുള്ളതെന്തെല്ലാമോ, സ്നേഹാർഹമായിട്ടുള്ളതെന്തെല്ലാമോ, സൽ കീർത്തിയുള്ളത് എന്തെല്ലാമോ അവയും സുകൃതമെന്ന ഒന്നുണ്ടെങ്കിൽ, പ്രശംസാർഹമായി വല്ലതുമുണ്ടെങ്കിൽ, അവയും ചിന്തയ്ക്ക് വിഷയമാകേണ്ടതാണ്”(ഫിലി. 4.8).

അജഗണങ്ങളുടെ ഇടയനും സഭയുടെ തലവനുമായ ഈശോയിലേക്ക് എല്ലാവിധത്തിലും വളരുവാൻ (എഫേ.4.15) ഈ ധ്യാനം നമ്മെ സഹായിക്കട്ടെ.

യേശുവിൽ നിങ്ങളുടെ വത്സലപിതാവ്,

+ J. Manathodath

**മാർ ജേക്കബ് മനത്തോടത്ത്**
പാലക്കാട് രൂപതയുടെ മെത്രാൻ



**Palakkad Rupatha Bulletin**
Editor: Fr. Jaimon Pallineerakkal, Published by: Fr. Dominic Aippenparambil, Bishop's House, Palakkad - 678 004.

# Bishops' Engagements

**September**

| | | |
|---|---|---|
| 2 | | Ernakulam |
| 5 | | Prasada Matha Church, Mannarkkad |
| 8 | A.M | Jim Offset Press, Palakkad |
| | P.M | Good Shepherd Church, Kanjikode |
| 9 | A.M | Threethwamala |
| | P.M | Sehion Retreat Centre,Thavalam |
| 10 | P.M | Muthukad, Kinassery |
| 12 | | Mary Matha Church, Kalladikkode |
| 13-18 | | Priests' Annual Retreat, Yuvakshetra. |
| 21 | P.M | Town Hall, Palakkad |
| 22 | | Kanjirapuzha |
| 25 | AM | Meeting, Pastoral Centre |
| 27 | | Shornur |
| 28 | | Priests' Pilgrimage |
| 30 | A.M | Meeting, Pastoral Centre |

**October 2010**

| | | |
|---|---|---|
| 2 | | Catechism Teachers' Convention |
| 3 | | Yuvakshetra |
| 5 | | Trichur |
| 6 | PM | Yuvakshetra |
| 7 | | Sehion Retreat Centre, Thavalam |





# From the Bishop's Office

**രൂപതാദിനം**

രൂപതാദിന കവറുകൾ ജിം ഓഫ്സെറ്റ് കെട്ടിടത്തിലെ രൂപതാ ഓഫീസ് കൗണ്ടറിൽ നിന്ന് ലഭിക്കുന്നതാണ്. ബഹു വൈദികർ എത്രയും വേഗം അവ തിരിച്ചു നൽകുമല്ലോ.

**വൈദികരുടെ വാർഷികധ്യാനം**

രൂപതയിലെ ബഹുമാനപ്പെട്ട വൈദികരുടെ വാർഷിക ധ്യാനം സെപ്റ്റംബർ 13 മുതൽ 18 വരെയായിരിക്കും. വാർഷിക ധ്യാനത്തെ സംബന്ധിച്ച അഭി. പിതാവിന്റെ വിജ്ഞാപനം പേജ് നമ്പർ 10 കാണുക.

**കണക്കുകൾ**

പള്ളിയുടെ ആഭിമുഖ്യത്തിൽ പ്രവർത്തിക്കുന്ന സ്കൂളുകളുടെ (നഴ്സറി സ്കൂൾ ഉൾപ്പെടെ) കണക്കുകളും സംഘടനകളുടെ രൂപതാതല കണക്കുകളും സെപ്റ്റംബർ 30-ന് മുമ്പ് രൂപതാ കാര്യാലയത്തിൽ ഏല്പിക്കണമെന്ന് അറിയിക്കുന്നു.

**ശ്രദ്ധിക്കേണ്ട ചില കാര്യങ്ങൾ**

1. പുരോഹിതപദവിക്കു താഴെയുള്ളവർ (കാറോയ, ഹെവ്പ്പദ്യാക്ക്ന, മ്ശംശാന) കാപ്പ ധരിച്ചുകൊണ്ടുള്ള ഒരു കർമ്മത്തിലും പങ്കെടുക്കുവാൻ പാടില്ല. അവരവരുടെ പട്ടത്തിനനുസരിച്ചുള്ള തിരുവസ്ത്രങ്ങൾ മാത്രമേ ധരിക്കാവൂ.
2. കാറോയ, ഹെവ്പ്പദ്യാക്ക്ന പട്ടം സ്വീകരിച്ചവർ ആരാധനക്രമകർമ്മങ്ങൾക്കിടെ സുവിശേഷ പ്രഭാഷണം നടത്താൻ പാടില്ല.
3. കൂദാശപരികർമ്മവേളകളിൽ, സഹകാർമ്മികരായ വൈദികരുടെ പ്രാർത്ഥനകൾ മ്ശംശാനമാരോ ചെറുപട്ടങ്ങൾ സ്വീകരിച്ചവരോ ചൊല്ലാൻ പാടില്ല.
4. മെത്രാൻമാരും വൈദികരും മാത്രമേ വിശുദ്ധ കുർബാന നേരിട്ട് എടുത്ത് സ്വീകരിക്കാവൂ.
5. മ്ശംശാന, ഹെവ്പ്പദ്യാക്ക്ന, കാറോയ എന്നീ പട്ടങ്ങൾ സ്വീകരിച്ചവർക്ക് ചില കൂദാശാനുകരണങ്ങളിൽ കാർമ്മികരാകാമെങ്കിലും കുരിശടയാളത്തിൽ ആശീർവ്വാദങ്ങൾ നല്കാൻ പാടുള്ളതല്ല.



**Palakkad Rupatha Bulletin**
Editor: Fr. Jaimon Pallineerakkal, Published by: Fr. Dominic Aippenparambil, Bishop's House, Palakkad - 678 004.

**എഞ്ചിനീയറിംഗ് വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പുകൾ**

കേരളത്തിലെ എഞ്ചിനീയറിംഗ് വിദ്യാർത്ഥികൾക്ക് അമേരിക്കയിലെ മലയാളി എഞ്ചിനീയേഴ്സ് അസോസിയേഷൻ (എം.ഇ.എ) നൽകുന്ന സ്കോളർഷിപ്പിന് അപേക്ഷ ക്ഷണിച്ചു. എഞ്ചിനീയറിംഗ്, കമ്പ്യൂട്ടർ സയൻസ്, ആർക്കിടെക്ചർ, നേവൽ ആർക്കിടെക്ചർ, ടെക്നോളജി തുടങ്ങിയ കോഴ്സുകൾ പഠിക്കുന്നവർക്ക് അപേക്ഷിക്കാവുന്നതാണ്. ആദ്യവർഷ വിദ്യാർത്ഥികളാണ് അപേക്ഷ സമർപ്പിക്കേണ്ടത്. അവസാന തിയ്യതി സെപ്റ്റംബർ 30. അപേക്ഷ ഫോം എം.ഇ.എയുടെ www.meahouston.org എന്ന വെബ്സൈറ്റിൽ നിന്ന് ഡൗൺലോഡ് ചെയ്യാം. കൂടുതൽ വിവരങ്ങൾക്ക് രൂപതാ കാര്യാലയവുമായി ബന്ധപ്പെടുക.

**വിദ്യാഭ്യാസ സ്കോളർഷിപ്പിന് അപേക്ഷ ക്ഷണിക്കുന്നു.**

സമർത്ഥരും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നരുമായ കത്തോലിക്കാ സമുദായത്തിൽപ്പെട്ട 200 വിദ്യാർത്ഥികൾക്ക് 4000 രൂപാ വീതം വിദ്യാഭ്യാസ സ്കോളർഷിപ്പ് കുവൈറ്റ് മലയാളി കാത്തലിക്ക് അസ്സോസിയേഷൻ സിൽവർ ജൂബിലി ട്രസ്റ്റ് നൽകുന്നതാണ്. അപേക്ഷകർ 2010 മാർച്ചിലെ 10-ാം സ്റ്റാൻഡേർഡ് പരീക്ഷയിൽ താഴെപ്പറയുന്ന പ്രകാരം കണക്ക് കൂട്ടുമ്പോൾ കുറഞ്ഞത് 87% മാർക്ക് ഉള്ളവർ ആയിരിക്കണം. ($A^+$=90 marks, A =80 marks, $B^+$=70 marks, B=60 marks, $C^+$=50 marks, C=40 marks) എന്ന പ്രകാരം കണക്കാക്കേണ്ടതാണ്.

അപേക്ഷകർ പേര്, പിൻകോഡോടുകൂടിയ അഡ്രസ്സ്, ടെലിഫോൺ നമ്പർ, രക്ഷാകർത്താവിന്റെ പേര്/ജോലി, പഠിക്കുന്ന കോഴ്സ്, ഇടവക, രൂപത, ആകെ കിട്ടിയ മാർക്ക് (നിർബന്ധമായും മേൽപ്പറഞ്ഞ രീതിയിൽ കണക്കാക്കിയത്) എന്നീ വിവരങ്ങൾ വെള്ളക്കടലാസിൽ എഴുതി സാമ്പത്തിക സ്ഥിതിയെപ്പറ്റി ഇടവക വികാരിയുടെ സാക്ഷ്യപത്രവും 10-ാം ക്ലാസ്സ് പരീക്ഷയുടെ മാർക്ക് ലിസ്റ്റിന്റെ ഫോട്ടോകോപ്പിയും ചേർത്ത് താഴെ കൊടുത്തിരിക്കുന്ന വിലാസത്തിൽ 2010 നവംബർ 20-ാം തിയതിക്കകം സാധാരണ തപാലിൽ അയയ്ക്കേണ്ടതാണ്.

അയയ്ക്കേണ്ട വിലാസം:

K.T. THOMAS, Karippaparampil, D.T.Road, Kanjirappally - 686 507





**സുറിയാനി ഡിപ്ലോമ കോഴ്സ്**

സുറിയാനി ഭാഷയെ ലളിതമായി പരിചയപ്പെടുത്തുന്ന ഒരു ഡിപ്ലോമ കോഴ്സ് വടവാതൂർ സെന്റ് തോമസ് അപ്പസ്തോലിക് സെമിനാരിയോട് അനുബന്ധിച്ചുള്ള പൗരസ്ത്യ വിദ്യാപീഠം സംഘടിപ്പിക്കുന്നു. വിദൂരപഠന ശൈലിയിലാണ് രണ്ടുവർഷം ദീർഘിക്കുന്ന ഈ കോഴ്സ് വിഭാവനം ചെയ്തിട്ടുള്ളത്. കോഴ്സിൽ പങ്കെടുക്കുന്നവർക്കുവേണ്ടി തനിയെ പഠിക്കാൻ സഹായിക്കുന്ന പാഠപുസ്തകങ്ങൾ പ്രത്യേകം തയ്യാറാക്കിയിട്ടുണ്ട്. വിവിധ കേന്ദ്രങ്ങളിൽ വെച്ച് മാസത്തിലൊരിക്കൽ കോൺടാക്റ്റ് ക്ലാസ്സുകൾ നടത്തുന്നു. ഓരോരുത്തർക്കും സൗകര്യപ്രദമായ കേന്ദ്രം തിരഞ്ഞെടുക്കാവുന്നതാണ്. പ്ശീത്താ ബൈബിളും സിറോ മലബാർ സഭയുടെ ആരാധനാക്രമവും ദൈവശാസ്ത്രവും മൂലഭാഷയിൽത്തന്നെ പഠിക്കുവാൻ ഈ കോഴ്സ് ഏറെ സഹായിക്കും.

വിലാസം : ഡോ. പോളി മണിയാട്ട്, കോ-ഓർഡിനേറ്റർ, സുറിയാനി ഡിപ്ലോമാ കോഴ്സ്, പൗരസ്ത്യ വിദ്യാപീഠം, വടവാതൂർ- 686 010, കോട്ടയം. ഫോൺ: 9447959808

**തെരട്ടു സമർപ്പിച്ച പള്ളികൾ, പുതിയ കൈക്കാരന്മാർ**

| | |
|---|---|
| ആലങ്ങാട് | ശ്രീ. സജിജോൺ നടുവിലെപ്പറമ്പിൽ, |
| | ശ്രീ. തോമസ് സെബാസ്റ്റ്യൻ കൊല്ലക്കുന്നേൽ |
| ആനമൂളി | ശ്രീ. തോമസ് തട്ടാറടി, ശ്രീ. മാത്യു പതിനെട്ടിൽ |
| ചെർപ്പുളശ്ശേരി | ശ്രീ. ജോയ് മുള്ളൻചിറയിൽ, ശ്രീ. ഷെൻജോ ചൂരക്കാട് |
| കാരറ | ശ്രീ. ജോണി മംഗലത്ത്, ശ്രീ. ജോസ് ചുള്ളിക്കൽ |
| മലമ്പുഴ സൗത്ത് | ശ്രീ. കെ. ജെ. കുര്യാക്കോസ്, ശ്രീ. അഗസ്റ്റിൻ കൊമ്പേരിൽ |
| നെന്മാറ | ശ്രീ. കുറ്റിക്കാടൻ ആന്റണി, ശ്രീ. ചെറുപറമ്പിൽ ജോൺസൺ |
| പൂഞ്ചോല | ശ്രീ. ലോനപ്പൻ കന്നുംകുളമ്പിൽ, ശ്രീ. സാജു മൈലംവേലിൽ |
| ശാന്തിതടം | ശ്രീ. തങ്കച്ചൻ എരുമത്താനത്ത്, ശ്രീ. ജോയ് വടക്കേടത്ത് |
| ശ്രീകൃഷ്ണപുരം | ശ്രീ. ഫിലിപ്പ് ചേരുംപറമ്പിൽ, ശ്രീ. ജോണി മുട്ടത്ത് |
| താവളം | ശ്രീ. ബേബി കുഴിയുഴത്തിൽ, ശ്രീ. ജോയ് പടവത്തുമൂല |



**Palakkad Rupatha Bulletin**
Editor: Fr. Jaimon Pallineerakkal, Published by: Fr. Dominic Aippenparambil, Bishop's House, Palakkad - 678 004.

# പ്രസ്ബിറ്ററൽ കൗൺസിൽ റിപ്പോർട്ട്

2010 ആഗസ്റ്റ് മാസം 10-ാം തിയ്യതി ചൊവ്വാഴ്ച രാവിലെ 11 മണിക്ക് അഭിവന്ദ്യപിതാവിന്റെ അദ്ധ്യക്ഷതയിൽ ബിഷപ്സ് ഹൗസിൽ വച്ച് പ്രസ്ബിറ്ററൽ കൗൺസിലിന്റെ യോഗം പ്രാർത്ഥനയോടെ ആരംഭിച്ചു. അഭിവന്ദ്യപിതാവ് എല്ലാ അംഗങ്ങളെയും സ്വാഗതം ചെയ്തു. കഴിഞ്ഞ പ്രസ്ബിറ്ററൽ കൗൺസിൽ റിപ്പോർട്ട് സെക്രട്ടറി അവതരിപ്പിച്ചു. പുതുതായി 3 ഫൊറോനകൾ രൂപംകൊണ്ടശേഷം ചേരുന്ന ആദ്യത്തെ പ്രസ്ബിറ്ററൽ യോഗം ആയതുകൊണ്ടും, വൈദികരുടെ സ്ഥലമാറ്റം മൂലം ചില ഫൊറോനകളിൽ നിന്ന് പ്രതിനിധികൾ ഇല്ലാത്ത സാഹചര്യം കണക്കിലെടുത്തും എല്ലാ ഫൊറോനകൾക്കും പ്രാതിനിധ്യം ഉണ്ടാകുന്നരീതിയിൽ കുറച്ചുപേരെ നാമനിർദ്ദേശം ചെയ്ത വിവരം പിതാവ് അറിയിച്ചു. എന്നാൽ നാമനിർദ്ദേശം ചെയ്തവരുടെ എണ്ണം അധികമായതിനാൽ ഏറ്റവും അടുത്ത അവസരത്തിൽ ഫൊറോനകളിൽ വികാരിമാർ സമ്മേളിക്കുമ്പോൾ പ്രസ്ബിറ്ററൽ കൗൺസിലിലേക്കുള്ള ഫൊറോന പ്രതിനിധികളായി അവരെത്തന്നെ തിരഞ്ഞെടുക്കണമെന്ന് പിതാവ് അറിയിച്ചു. തുടർന്ന് മുൻ നിശ്ചയിക്കപ്പെട്ട അജണ്ടയിന്മേലുള്ള ചർച്ചകളും തീരുമാനങ്ങളും ഉണ്ടായി.

## 1. Feast Day Celebrations in the Parishes

ഇടവകകളിൽ നടത്തപ്പെടുന്ന തിരുന്നാളഘോഷങ്ങളിൽ നമ്മുടെ രൂപതയിൽ എല്ലാ ഇടവകകളിലും ഒരേ ക്രമം ഉണ്ടാകണമെന്ന് പിതാവ് അഭിപ്രായപ്പെട്ടു. ഇതിന്റെ വെളിച്ചത്തിൽ തിരുനാളുകൾക്ക് എന്തൊക്കെ ആകാം എന്നതിലുപരി എന്തൊക്കെ ഉണ്ടാകാൻ പാടില്ല എന്ന കാര്യങ്ങൾക്കാണ് മുൻഗണന നൽകിയത്.

- ഇടവക തിരുനാളുകളോടനുബന്ധിച്ച് സിനിമാറ്റിക് ഡാൻസ് , ഗാനമേള എന്നീ പരിപാടികൾ നിർബന്ധമായും ഒഴിവാക്കണമെന്ന് തീരുമാനിച്ചു.
- ഭക്തിഗാനമേള സ്വന്തം ഇടവക ഗായകസംഘം നടത്തുകയോ രൂപതയുടെ അംഗീകാരമുള്ള ഗായകസംഘം നടത്തുകയോ ചെയ്യുന്നതിന് തടസ്സമില്ല.
- വാദ്യമേളങ്ങളെകുറിച്ച് ഇപ്പോൾ തുടർന്നുപോരുന്ന രീതി തൽക്കാലം തുടരാവുന്നതാണ്.
- തിരുനാൾ പ്രദക്ഷിണത്തിന്റെ അവസാനത്തിൽ വി. കുർബാനയുടെ ആശീർവാദം നൽകേണ്ടതില്ലെന്നും, ലദീഞ്ഞിന്റെ അവസനാത്തെ ആശീർവ്വാദപ്രാർത്ഥനയോടെ അവസാനിപ്പിക്കണമെന്നുള്ള പിതാവിന്റെ മുൻ നിർദ്ദേശം ഏവരും പാലിക്കേണ്ടതാണ്.
- തിരുനാളുകളോടനുബന്ധിച്ച് കവലകളിലും, കപ്പേള കുരിശടി തുടങ്ങിയ സ്ഥലങ്ങളിലും നടത്തപ്പെടുന്ന പ്രസംഗങ്ങൾ നിർത്തലാക്കണമെന്നും ഇത്തരം കാര്യങ്ങൾ ദൈവാലയത്തിനുള്ളിൽ മാത്രമെ നടത്തപ്പെടാവൂ എന്നും തീരുമാനിച്ചു.

## 2. Educational Developments

- വള്ളിയോട് ഐ.ടി.സിയോടനുബന്ധിച്ച് പോളിടെക്നിക് ആരംഭിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കാൻ തീരുമാനിച്ചു.
- കഞ്ചിക്കോട് CBSE സിലബസിൽ സ്ക്കൂൾ തുടങ്ങാൻ സാധ്യതകളെപ്പറ്റി പഠിച്ച് വേണ്ട നടപടികൾ എടുക്കാൻ തീരുമാനിച്ചു.
- വെള്ളപ്പാറയിലുള്ള സ്ഥലത്ത് പ്രൊഫണൽ കോഴ്സുകൾ ആരംഭിക്കണമെന്ന അഭിപ്രായമുണ്ടായി. രൂപതയിലെ സാമ്പത്തിക സ്ഥിതി കക്കിലെടുത്തും ഈ കോഴ്സിന്റെ സാധ്യതകൾ പഠിച്ചും മറ്റൊരവസരത്തിൽ നടപടി എടുത്താൽ മതിയെന്ന് തീരുമാനിച്ചു.
- പള്ളികളോടനുബന്ധിച്ച് സ്കുളുകളൊ മറ്റെന്തെങ്കിലും സ്ഥാപനങ്ങളൊ ആരംഭിക്കുകയാണെങ്കിൽ അരമനയിൽ നിന്ന് അനുവാദം വാങ്ങിച്ചിരിക്കണം എന്ന രൂപതാ നിയമ സംഗ്രഹത്തിലെ നിർദ്ദേശം ഏവരും പാലിക്കേണ്ടതാണ്.
- ഇപ്പോൾ പള്ളികളോടനുബന്ധിച്ച് നടത്തപ്പെടുന്ന എൽ പി സ്കുളുകൾ പോലുള്ള സ്ഥാപനങ്ങൾ ഇപ്പോഴത്തെ ഗവൺമെന്റ് നിയമവ്യവസ്ഥകളനുസരിച്ച് നടത്തികൊണ്ടുപോകുക ബുദ്ധിമുട്ടാണെങ്കിൽ അവയുടെ ഭാവിയെപ്പറ്റി ഓരോ ഇടവകയും വ്യക്തമായി പഠിച്ച് തുടർന്നു കൊണ്ടുപോകണമോ വേണ്ടയോ എന്നു തീരുമാനിക്കേണ്ടതാണ്. ഇങ്ങനെയുള്ള കാര്യങ്ങൾക്ക് നിർദ്ദേശം നൽകാൻ സാധിക്കുന്ന ഒരു അഡ്വൈസറിബോഡിക്ക് രൂപതാതലത്തിൽ രൂപം നൽകാനും തീരുമാനിച്ചു.
- ഈ വർഷം മുതൽ നിർബന്ധമായും, പള്ളികളോടനുബന്ധിച്ച് നടത്തപ്പെടുന്ന സ്ഥാപനങ്ങളുടെ വരവ് ചിലവ് കണക്കുകൾ പള്ളിക്കണക്കുകൾ സമർപ്പിക്കുന്നതോടൊപ്പം നൽകണമെന്നും നിർദ്ദേശിച്ചു.

## 3. Vigilance Cell

വിശ്വാസസംബന്ധമായോ സഭാസംബന്ധമായോ വിഷയത്തിൽ ഉണ്ടാകാവുന്ന സാഹചര്യങ്ങളോട് പ്രതികരിക്കാനുതകുന്ന വിജിൻലൻസ് സെൽ രൂപീകരിക്കാൻ തീരുമാനിച്ചു. നിയമപരമായ നിർദ്ദേശങ്ങൾ നൽകാൻ സാധിക്കുന്നവരെ അതിൽ ഉൾപ്പെടുത്തണം.



Palakkad Rupatha Bulletin
Editor: Fr. Jaimon Pallineerakkal, Published by: Fr. Dominic Aippenparambil, Bishop's House, Palakkad - 678 004.

## 4. Choir and Photography in the Churches

- ഫോട്ടോ/വീഡിയോ എന്നിവ പള്ളിക്കുള്ളിൽ എടുക്കുമ്പോൾ ആത്മീയ അന്തരീക്ഷം നഷ്ടപ്പെടുത്തുകയും തിരുക്കർമ്മങ്ങൾക്ക് ശല്യമുണ്ടാക്കുകയും ചെയ്യുന്ന സാഹചര്യം ഒഴിവാക്കേണ്ടതാണ്.
- നിശ്ചിതസ്ഥലത്ത് നിന്നുമാത്രം ഫോട്ടോ എടുക്കാൻ വികാരിമാർ നിർദ്ദേശിക്കണം.
- വീഡിയോയുടെ ലൈറ്റ് ദൈവാലയത്തിനുള്ളിൽ ഉപയോഗിക്കാൻ പാടില്ല.
- ഒരു ഫോട്ടോക്കാരനും/വീഡിയോക്കാരനും മാത്രമാണ് അഭികാമ്യം
- പ്രസംഗസമയത്തും, കാഴ്ചവെപ്പിന് ശേഷം കുർബാന സ്വീകരണം വരെയുള്ള സമയത്തും ഫോട്ടോ/വീഡിയൊ എടുക്കാൻ പാടുള്ളതല്ല
- മൊബൈൽ ക്യാമറ ഉപയോഗിച്ചുള്ള ഫോട്ടോ എടുക്കുന്നത് നിർബന്ധമായും നിരോധിക്കണം.
- വിശ്വാസി സമൂഹം മുഴുവൻ ഗാനങ്ങൾ ആലപിക്കുന്നതിന് ഗായകസംഘം നേതൃത്വം കൊടുക്കണം.
- ഗായകസംഘത്തിനു പകരം ഒന്നോ രണ്ടോ പേർ മാത്രം മൈക്കിലൂടെ ഗാനങ്ങൾ ആലപിക്കുന്ന രീതി ഒഴിവാക്കണം.
- മുകളിൽ പറഞ്ഞ രണ്ട് കാര്യങ്ങൾ സംബന്ധിച്ച് ഇടവക വികാരിമാർ കർശനമായ നിർദ്ദേശങ്ങൾ നൽകുകയും അവ പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും ചെയ്യണം.

## 5. Environmental Concerns

- പ്ലാസ്റ്റിക്ക് വസ്തുക്കൾ ഒഴിവാക്കുന്നതിന്റെ ഭാഗമായി പള്ളികളിൽ നടത്തപ്പെടുന്ന പരിപാടികളിൽ നിന്ന് പ്ലാസ്റ്റിക് ഗ്ലാസ്സുകൾ പ്ലേറ്റുകൾ എന്നിവ ഒഴിവാക്കണമെന്ന് നിർദ്ദേശിച്ചു.
- പള്ളികളോടനുബന്ധിച്ചും വീടുകളിലും പച്ചക്കറിത്തോട്ടങ്ങൾ ഉണ്ടാക്കാൻ പ്രോത്സാഹനം നൽകണം.

## 6. Other Matters

പള്ളി രേഖകളും രജിസ്റ്ററുകളും കൃത്യമായി എഴുതി സൂക്ഷിക്കുന്ന കാര്യത്തിൽ വീഴ്ചവരുത്തരുതെന്ന കാര്യം ഒരിക്കൽ കൂടി ഓർമ്മിപ്പിച്ചു.

ചർച്ചകൾക്കും അഭിപ്രായ പ്രകടനങ്ങൾക്കും അന്തിമ രൂപം നൽകിയ ശേഷം 28 അംഗങ്ങൾ പങ്കെടുത്തയോഗം പ്രാർത്ഥനയോടെ സമാപിച്ചു.

**ഫാ. ജോഷി പുലിക്കോട്ടിൽ**
ജനറൽ സെക്രട്ടറി, പ്രസ്ബിറ്ററൽ കൗൺസിൽ





## Names of priests who are to lead the adoration at Nithyaaraadhana Chapel, Palakkad.

| Date | Day | Name |
|---|---|---|
| 01-Oct-10 | FRI | Rev. Fr. Vadakkekara Goji |
| 02-Oct-10 | SAT | Rev. Fr. Vadakkekara Tom |
| 04-Oct-10 | MON | V. Rev. Fr. Vadakkumchery Thomas |
| 05-Oct-10 | TUE | Rev. Fr. Vadakken Jaison |
| 06-Oct-10 | WED | Rev. Fr. Valayathil Xavier |
| 07-Oct-10 | THU | Rev. Fr. Vattukalathil Saji |
| 08-Oct-10 | FRI | V. Rev. Fr. Vazhayil Mathew |
| 09-Oct-10 | SAT | Rev. Fr. Vazheparambil Sebastian |
| 11-Oct-10 | MON | Rev. Fr. Velliamkandathil Jaijin |
| 12-Oct-10 | TUE | Rev. Fr. Ackaparambil Joyson |
| 13-Oct-10 | WED | V. Rev. Fr. Aippanparambil Dominic |
| 14-Oct-10 | THU | Rev. Fr. Alackakunnel Jose |
| 15-Oct-10 | FRI | Rev. Fr. Aloor John |
| 16-Oct-10 | SAT | Rev. Fr. Angeveettil Jose |
| 18-Oct-10 | MON | Rev. Fr. Anjilimoottil Cherian |
| 19-Oct-10 | TUE | Rev. Fr. Arackal John |
| 20-Oct-10 | WED | Rev. Fr. Arikatt Anto |
| 21-Oct-10 | THU | Rev. Fr. Arisseriyil Thomas |
| 22-Oct-10 | FRI | Rev. Fr. Chakkalakal Joshy |
| 23-Oct-10 | SAT | Rev. Fr. Chakkumpeedika Davis |
| 25-Oct-10 | MON | Rev. Fr. Cheniyara Jose |
| 26-Oct-10 | TUE | Rev. Fr. Cheekkapara Joy |
| 27-Oct-10 | WED | Rev. Msgr. Chittilapilly Joseph |
| 28-Oct-10 | THU | V. Rev. Fr. Chittilapilly Jose P. |
| 29-Oct-10 | FRI | Rev. Fr. Edathala George |
| 30-Oct-10 | SAT | V. Rev. Fr. Ettonnil Gilbert |

**NB: The Rev. Fathers are to reach the Adoration Chapel on the previous day at 4.00 p.m and do the ministry till 4.00 p.m on the given day.**



**Palakkad Rupatha Bulletin**
Editor: Fr. Jaimon Pallineerakkal, Published by: Fr. Dominic Aippenparambil, Bishop's House, Palakkad - 678 004.

# വിശ്വാസ പരിശീലനം

**മതാദ്ധ്യാപക സെമിനാറുകൾ**

ഈ വർഷത്തെ മതബോധന വിഷയമായ 'തിരുസഭ മാതാവും ഗുരുനാഥയും' എന്ന വിഷയത്തെ ആസ്പദമാക്കി ഫൊറോനകളിൽ നടന്ന അധ്യാപക സെമിനാറുകൾ സമാപിച്ചു. എട്ട് ഫൊറോനകളായി 642 അധ്യാപകരോളം അതിൽ സംബന്ധിക്കുകയുണ്ടായി. വെ.റവ.ഫാ. അബ്രാഹം പാലത്തിങ്കൽ, റവ.ഫാ.മാത്യു വാഴയിൽ , റവ.ഫാ.ജോയ് ചീക്കപ്പാറ, റവ.ഫാ.നിലേഷ് തുരുത്തിവേലിൽ, റവ.ഫാ.ജോമിസ് കൊടകശേരിൽ, റവ.ഫാ.സജി വട്ടുകുളത്തിൽ, റവ.ഫാ.ടോം വടക്കേക്കര തുടങ്ങിയവർ ക്ലാസ്സുകൾക്ക് നേതൃത്വം വഹിച്ചു. ക്ലാസ്സുകൾക്ക് സഹായിച്ച അച്ചൻമാർക്കും സഹകരിച്ച അധ്യാപകർക്കും ഒത്തിരി നന്ദി.

**VIII, IX, X സെമിനാറുകൾ**

ഹൈസ്കൂൾ ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾക്കായി ഫോറോന തലത്തിൽ ഏകദിന സെമിനാറുകൾ സംഘടിപ്പിക്കുന്നു. അധ്യായനവർഷത്തിലെ ഞായറാഴ്ചകളിൽ തന്നെയാണ് ഇവ നടത്തുന്നത്. സെമിനാർ രാവിലെ 9.30 ന് ആരംഭിച്ച് 4 മണിക്ക് അവസാനിക്കുന്നു. സെമിനാർ ദിവസം വി. കുർബാന അതാതു സെന്ററുകളിൽ ഉണ്ടായിരിക്കുന്നതാണ്. പ്രസ്തുത കുർബാനയിൽ എല്ലാവരും പങ്കെടുക്കേണ്ടതാണ്. രജിസ്ട്രേഷൻ ഫീസ് ഒരാൾക്ക് 20 രൂപയാണ്.

**VIII, IX, X ക്ലാസുകളിലെ സെമിനാർ നടക്കുന്ന സ്ഥലവും തിയ്യതിയും**

| | | |
|---|---|---|
| സെപ്തം. 1 ബുധൻ | 9.30am to 4.00pm | കാഞ്ഞിരപ്പുഴ ഫൊറോന<br>കാഞ്ഞിരപ്പുഴ സോൺ<br>(കാഞ്ഞിരപ്പുഴ പരിഷ്ഹാൾ)<br>പൊന്നംകോട് സോൺ<br>(പൊന്നംകോട് പാരിഷ്ഹാൾ) |
| സെപ്തം. 10 വെള്ളി | 9.30am to 4.00pm | വടക്കഞ്ചേരി ഫൊറോന<br>(ചെറുപുഷ്പം സ്കൂൾ) |
| സെപ്തം. 11 ശനി | 9.30am to 4.00pm | താവളം ഫൊറോന<br>താവളം സോൺ<br>(സെഹിയോൻ ധ്യാനകേന്ദ്രം)<br>ജെല്ലിപ്പാറ സോൺ<br>(ജെല്ലിപ്പാറ പാരിഷ്ഹാൾ) |
| സെപ്തം. 21 ചൊവ്വ | 9.30am to 4.00pm | പാലക്കാട് ഫൊറോന<br>(പാസ്റ്ററൽ സെന്റർ) |





**I & II HDC ഏകദിനസെമിനാറുകൾ**

HDC ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്കായി ഫൊറോന തലത്തിൽ ഏകദിന സെമിനാറുകൾ സംഘടിപ്പിക്കുന്നു. ജീവന്റെ മൂല്യമാണ് ഈ വർഷത്തെ ചർച്ചാവിഷയം. അധ്യയന വർഷത്തിലെ ഞായറാഴ്ചകളിൽ തന്നെയാണ് ഇവ നടത്തുന്നത്. സെമിനാർ രാവിലെ 9.30 ആരംഭിച്ച് 4.00മണിക്ക് അവസാനിക്കുന്നു. സെമിനാർ ദിവസം വി. കുർബാന അതതു സെന്ററുകളിൽ ഉണ്ടായിരിക്കുന്നതാണ്. പ്രസ്തുത കുർബാനയിൽ എല്ലാവരും പങ്കെടുക്കേണ്ടതാണ്. രജിസ്ട്രേഷൻ ഫീസ് 20 രൂപ.

**I & II HDC ഏകദിനസെമിനാറുകൾ നടക്കുന്ന സ്ഥലവും തിയ്യതിയും**

| | | |
|---|---|---|
| സെപ്തം.5 ഞായർ | 9.30am to 4.00pm | വടക്കഞ്ചേരി ഫൊറോന<br>(ചെറുപുഷ്പം സ്കൂൾ) |

**രൂപതാ മതബോധന കൗൺസിൽ**

സെപ്റ്റംബർ 4-ാം തിയ്യതി ശനിയാഴ്ച രൂപതാ മതബോധന കൗൺസിൽ മീറ്റിംഗ് രാവിലെ 10 മണി മുതൽ 1 മണി വരെ പാസ്റ്ററൽ സെന്ററിൽ വെച്ച് നടക്കുന്നു.

മതാദ്ധ്യാപക ദിനാഘോഷമാണ് ചിന്താവിഷയം. രൂപതാ മതദ്ധ്യാപക ദിനത്തിന്റെ ഏറ്റവും അടുത്ത ഒരുക്കമായി മറ്റൊരു മതബോധന കൗൺസിൽ മീറ്റിംഗ് ഒക്ടോബർ 1-ാം തിയ്യതി വെള്ളിയാഴ്ച്ച 5.00 p.m-ന് പാസ്റ്ററൽ സെന്ററിൽ വെച്ച് നടക്കുന്നുണ്ട്. രണ്ട് കൗൺസിൽ മീറ്റിംഗുകൾക്കും കൗൺസിൽ അംഗങ്ങളെല്ലാവരും പങ്കെടുക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

**അധ്യാപകർക്കായുള്ള സാഹിത്യമത്സരങ്ങൾ**

അധ്യാപകർക്കായുള്ള സാഹിത്യ മത്സരങ്ങളായ ഉപന്യാസം, കഥ, കവിത തുടങ്ങിയ രചനകൾ ഇനിയും മതബോധനകേന്ദ്രത്തിൽ എത്തിക്കാത്തവർ എത്രയുംപ്പെട്ടന്ന് മതബോധന കേന്ദ്രത്തിൽ എത്തിക്കാൻ താത്പര്യപ്പെടുന്നു.

**മതാദ്ധ്യാപക അവാർഡുകൾ**

രൂപതയിൽ 35, 25, 15 വർഷങ്ങൾ മതാദ്ധ്യാപനം പൂർത്തിയാക്കിയ അദ്ധ്യാപകർക്ക് അവാർഡുകൾ നല്കി ആദരിക്കുന്നു. അവാർഡുകൾ ലഭിക്കുന്നതിനായി പൂരിപ്പിച്ച് തരേണ്ട ഫോം മതബോധന കേന്ദ്രത്തിൽ നിന്ന് വാങ്ങാവുന്നതാണ്. പൂരിപ്പിച്ച അപേക്ഷ ഫോമും ഫോട്ടോയും ഇനിയും നല്കാത്തവർ സെപ്റ്റംബർ 7-ാം തിയ്യതിക്ക് മുമ്പ് അവ മതബോധന കേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്.

**HDC കറൻസ്പോണ്ടൻസ് കോഴ്സ്**

ഇനിയും ആരെങ്കിലും പേര് രജിസ്റ്റർ ചെയ്യാനുണ്ടെങ്കിൽ പ്രസ്തുത ഫോം പൂരിപ്പിച്ച് വികാരിയച്ചന്റെയും എൻട്രൻസ് കോച്ചിംഗ് സ്ഥാപനത്തിന്റെയും പഠിക്കുന്ന സ്ഥാപനത്തിന്റെ സാക്ഷ്യപത്രവും രജിസ്ട്രേഷൻ



**Palakkad Rupatha Bulletin**
Editor: Fr. Jaimon Pallineerakkal, Published by: Fr. Dominic Aippenparambil, Bishop's House, Palakkad - 678 004.

ഫീസായ 200 രൂപ സഹിതം മതബോധന കേന്ദ്രത്തിൽ എത്രയും പെട്ടന്ന് എത്തിക്കേണ്ടതാണ്.

ക്ലാസ് നടക്കുന്ന തിയ്യതികൾ - ഒക്ടോബർ 16, 17, ഡിസംബർ 26.

സ്ഥലം - പാസ്റ്ററൽ സെന്റർ

**കുട്ടികളുടെ ചെറുകഥാ ഉപന്യാസമത്സരം**

V മുതൽ II HDC വരെയുള്ള മതബോധന വിദ്യാർത്ഥികൾക്കായി സെപ്റ്റംബർ 12-ാം തിയ്യതി ചെറുകഥാ മത്സരവും, സെപ്റ്റംബർ 19-ാം തിയ്യതി ഉപന്യാസ മത്സരവും നടക്കുന്നതായിരിക്കും.

അതാതു സെന്ററുകളിൽ നടത്തിയ രചനകൾ അവിടെ തന്നെ പരിശോധിച്ച് ഓരോ ക്ലാസിൽ നിന്നും ഏറ്റവും നല്ല രണ്ട് രചനകൾ മാത്രം മതബോധന കേന്ദ്രത്തിൽ എത്തിക്കുക. രചനകളിൽ പേര് എഴുതരുത്. പേര്, ക്ലാസ്സ്, ഇടവക എന്നിവ ഒരു സ്ലിപ്പിൽ എഴുതി പിൻ ചെയ്യുക.

കേന്ദ്രത്തിലേക്ക് അയക്കുന്ന പേപ്പറിൽ മാർക്ക് ഇടരുത്. രൂപതാ തലത്തിലും ഫൊറോന തലത്തിലും സമ്മാനങ്ങൾ ഉണ്ടായിരിക്കും. ഫലം അറിഞ്ഞയുടൻ ഫൊറോന തല വിജയികൾ മതബോധന കേന്ദ്രത്തിൽ നിന്ന് സമ്മാനം സ്വീകരിക്കുക. രൂപതാ തല വിജയികൾക്ക് 2011 മേയ് മാസത്തിലെ മതബോധന സംയുക്ത സമ്മേളനത്തിൽ വച്ച് സമ്മാനങ്ങൾ നല്കുന്നതാണ്.

**ഒന്നാം സെമസ്റ്റർ പരീക്ഷ**

ഞായറാഴ്ച വേദോപദേശത്തിന്റെ ഒന്നാം സെമസ്റ്റർ പരീക്ഷ ഒക്ടോബർ 3-ാം തിയ്യതി ഞായറാഴ്ച നടക്കുന്നു V മുതൽ II HDC ക്ലാസുവരെ ഒന്നാം സെമസ്റ്റർ പരീക്ഷ 100 മാർക്കിൽ ആയിരിക്കും പഠനഭാഗം 80 മാർക്ക്, ജനറൽ ക്വിസ് 10 മാർക്ക്, ലോഗോസ് ക്വിസ് 10 മാർക്ക് ഒന്നാം സെമസ്റ്ററിൽ ഇന്റേണൽ മാർക്ക് ഉണ്ടായിരിക്കുന്നതല്ല. I മുതൽ IV 80 മാർക്കിൽ ആയിരിക്കും പരീക്ഷ. ഒന്നാം സെമസ്റ്റർ പരീക്ഷക്ക് ഇംഗ്ലീഷ് ചോദ്യപേപ്പർ ആവശ്യമുള്ളവർ സെപ്റ്റംബർ 10ന് മുമ്പ് നിർബന്ധമായും നമ്പർ തരേണ്ടതാണ്. ചോദ്യപേപ്പറുകൾ അതാത് ഫൊറോനകളിൽ നിന്ന് സെപ്റ്റംബർ 29 മുതൽ കൊണ്ടുപോകാവുന്നതാണ്.

**ക്രിസ്റ്റീൻ ധ്യാനം**

വിശ്വാസ പരിശീലന ക്ലാസുകളിലൂടെ ലഭിച്ച മിശിഹാനുഭവം ആഴപ്പെടുന്നതിനും പ്രായോഗിക തലങ്ങളിൽ തീക്ഷണതയുള്ള കുട്ടികളെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടുകൂടി സെപ്റ്റംബർ 9, 10, 11, 12 തിയ്യതികളിലായി മണ്ണാർക്കാട് ഫൊറോനയിൽ ക്രിസ്റ്റിൻ ധ്യാനം നടത്തപ്പെടുന്നു. രജിസ്ട്രേഷൻ ഫീസ് 200 രൂപ. 5-ാം ക്ലാസ്സുമുതൽ 12-ാം ക്ലാസ്സുവരെയുള്ള എല്ലാകുട്ടികളും ധ്യാനത്തിൽ സംബന്ധിക്കുവാൻ വികാരിയച്ചന്മാരും അദ്ധ്യാപകരും ശ്രദ്ധിക്കുമല്ലോ.





**കയ്യെഴുത്ത് മാസികാമത്സരം**

V മുതൽ XII വരെയുള്ള ക്ലാസുകളിലെ കുട്ടികൾക്കാണ് കയ്യെഴുത്ത് മാസിക മത്സരം സംഘടിപ്പിച്ചിരിക്കുന്നത്. 2010 ഡിസംബർ 1-ാംതിയ്യതി ഫൊറോന ഡയറക്ടറെ കയ്യെഴുത്തു മാസിക ഏൽപ്പിക്കേണ്ടതാണ്. ഒരു ഇടവകയിൽ നിന്ന് ഒരു കയ്യെഴുത്തുമാസികയേ സ്വീകരിക്കുകയുള്ളൂ. ഫെറോനാ തലത്തിലും രൂപതാ തലത്തിലും സമ്മാനങ്ങൾ ഉണ്ടയിരിക്കുന്നതാണ്. മലയാളം, ഇംഗ്ലീഷ്, എന്നീ ഭാഷകളിൽ രചനകൾ എഴുതാം. (കൂടുതൽ വിവരങ്ങൾക്ക് വിശ്വാസപരിശീലന കലണ്ടർ പേജ് 53 കാണുക)

**മതാദ്ധ്യാപക ദിനം**

ഈ വർഷത്തെ മതാദ്ധ്യാപകദിനം ഒക്ടോബർ 2-ാം തിയ്യതി ശനിയാഴ്ച്ചയാണ്. പാസ്റ്ററൽ സെന്ററിൽ വച്ച് നടക്കുന്ന മതദ്ധ്യാപകദിനാഘോഷങ്ങളിലേക്ക് എല്ലാ മതാദ്ധ്യാപകരേയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

മതദ്ധ്യാപകദിനാഘോഷങ്ങൾക്ക് വരുന്ന എല്ലാ മതാദ്ധ്യാപകരും അവരുടെ സർവ്വീസ് കാർഡുകളിൽ ഫോട്ടോ പതിച്ച് ബഹു. വികാരിയച്ചന്റെ ഒപ്പോടുകൂടി അവ ധരിച്ച് വരണമെന്ന് ഓർമ്മിപ്പിക്കുന്നു. സർവ്വീസ് ഫോം പൂരിപ്പിച്ച് തന്നിട്ടുള്ള പുതിയ അധ്യാപകർക്കുള്ള കാർഡ് ബഹു. വികാരിയച്ചൻമാർ വഴി നൽകുന്നതാണ്.

**കുട്ടികളുടെ ക്വിസ് മത്സരം**

U.P, HS, HSS എന്നിങ്ങനെ മൂന്ന് വിഭാഗങ്ങളായി തിരിച്ചാണ് മത്സരങ്ങൾ നടക്കുന്നത്. ഇടവകയിൽ നിന്നുള്ള ഒരു ടീം ഫൊറോനയിൽ പങ്കെടുക്കുന്നു അവിടെ നിന്നും വിജയിച്ചവരാണ് രൂപതാ തലത്തിൽ യോഗ്യത നേടുക. നവംബർ 13 ഫൊറോന തലവും ഡിസംബർ 16 ന് രൂപതാതലവും നടത്തപ്പെടുന്നു. ഫൊറോനതല മത്സരം എഴുത്തു പരീക്ഷയായിരിക്കും.

പഠനഭാഗം : ജനറൽക്വിസ് - 50%, ബൈബിൾ - 50% (മത്താ 1-14, യാക്കോ. 1-5)

**അധ്യാപകരുടെ ക്വിസ്മത്സരം**

അധ്യാപകർക്കായുള്ള ക്വിസ് മത്സരം രണ്ടു തലങ്ങളായാണ് നടത്തപ്പെടുന്നത്. ഇടവകകളിൽ നിന്ന് തിരഞ്ഞെടുക്കപ്പെടുന്ന ഒരു ടീം ഫൊറോന തലത്തിൽ മത്സരിക്കുന്നു. അവിടെ നിന്ന് വിജയികളായവരാണ് രൂപതാ തലത്തിൽ മത്സരിക്കുന്നത്. നവംബർ 13-ാം തിയ്യതി ഫൊറോന തലവും ജനുവരി 8 ന് രൂപതാതലവും നടത്തപ്പെടുന്നു. ഫൊറോനാതലത്തിൽ എഴുത്ത് പരീക്ഷയും രൂപതാ തലത്തിൽ ഓഡിയോ വിഷൻ കൂടി ഉൾപ്പെടുത്തിയുള്ള പരീക്ഷയായിരിക്കും.

**പഠനഭാഗം**

ജനറൽ ക്വിസ് - 50%, ബൈബിൾ - 50% (മത്താ 1-14, യാക്കോ 1-5)

NB:രൂപതാതലത്തിൽ 'തിരുസഭ മാതാവും ഗുരുനാഥനും' എന്ന ബുക്ക്ലെറ്റിൽ നിന്നും ചോദ്യങ്ങൾ ഉണ്ടാവുന്നതാണ്.



**Palakkad Rupatha Bulletin**
Editor: Fr. Jaimon Pallineerakkal, Published by: Fr. Dominic Aippenparambil, Bishop's House, Palakkad - 678 004.

**ജനറൽ ക്വിസ് 2010-11**

സൺഡേ കാറ്റിക്കിസം പരീക്ഷകൾ, സ്കൊളാസ്റ്റിക് ടെസ്റ്റ്, ക്വിസ് മത്സരങ്ങൾ തുടങ്ങിയവയ്ക്കുള്ള ചോദ്യങ്ങൾ അടങ്ങിയ ജനറൽ ക്വിസ് 2010-11 ആവശ്യമുള്ളവർക്ക് സാൻജോ ബൂക്ക്സ്റ്റാളിൽ നിന്ന് ലഭ്യമാണ്.

NB: ഒന്നാം സെമസ്റ്റർ പരീക്ഷയ്ക്കുള്ള ജനറൽക്വിസ് ഭാഗം 1 മുതൽ 245-ാം ചോദ്യം വരെയായിരിക്കും.

**ലോഗോസ് ക്വിസ് 2010**

ലോഗോസ് ക്വിസ് 2010ന്റെ രൂപതാതല മത്സരം സെപ്തംബർ 26-ാം തിയ്യതി ഞായറാഴ്ച്ച 2.00 pm മുതൽ 3.30 pm വരെ അതാതു സെന്ററുകളിൽ വച്ച് നടക്കുന്നു. രജിസ്റ്റർ ചെയ്ത എല്ലാവരും പരീക്ഷയിൽ പങ്കെടുക്കണമെന്ന് ഓർമ്മിപ്പിക്കുന്നു. മതാദ്ധ്യാപകർ ഈക്കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കുമല്ലോ. വിദ്യാർത്ഥികൾക്ക് ക്ലാസ് അടിസ്ഥാനത്തിൽ സമ്മാനങ്ങൾ മതബോധനകേന്ദ്രത്തിൽ നിന്ന് നൽകുന്നതാണ്.

**സാൻജോബുക്ക് സ്റ്റാൾ**

മീഡിയാ ബുക്സിന്റെ പുസ്തകങ്ങൾ സാൻജോ ബുക്ക് സ്റ്റാൾ വഴി ലഭ്യമാണ്. ഇടവക, സ്കൂൾ, കോൺവെന്റ് ലൈബ്രറികളിലേയ്ക്ക് പ്രത്യേക കിഴിവ് നൽകുന്നതാണ്.

**റെഗുലർ സ്കൂൾ അർദ്ധവാർഷിക പരീക്ഷ**

റെഗുലർ സ്കൂൾ അർദ്ധവാർഷിക പരീക്ഷ ഒക്ടോബർ 8-ാം തിയ്യതി വെള്ളിയാഴ്ച്ച നടത്തപ്പെടുന്നു.

**ഫാ. മാത്യു വാഴയിൽ**
ഡയറക്ടർ, വിശ്വാസപരിശീലനവേദി

## Bible Apostolate

**ലോഗോസ് ക്വിസ് 2010**

ലോഗോസ് ക്വിസ് 2010-ന്റെ രൂപതാതല പരീക്ഷ സെപ്റ്റംബർ 26 ഞായറാഴ്ച്ച അതാതു സെന്ററുകളിൽ വച്ച് 2.00 pm മുതൽ 3.30 pm വരെ നടക്കുന്നു.

ചോദ്യങ്ങൾ

1. പാഠ്യഭാഗത്തുനിന്ന് 92 ചോദ്യങ്ങൾ
2. ലഘുപഠനത്തിൽ നിന്ന് 3 ചോദ്യങ്ങൾ
3. ലഘു പഠനത്തിലെ മാതൃകാ ചോദ്യങ്ങളിൽ നിന്ന് 5 ചോദ്യങ്ങൾ.





4. അവസാനത്തെ 3 ചോദ്യങ്ങൾ ചുരുങ്ങിയ വാക്കിൽ ഉത്തരങ്ങൾ എഴുതാനുള്ളവയായിരിക്കും.

N.B. ഉത്തരക്കടലാസുകൾ സെപ്റ്റംബർ 27-ാം തിയ്യതി തിങ്കളാഴ്ച്ചതന്നെ രൂപതാ മതബോധനകേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്.

**സംസ്ഥാന തല പരീക്ഷ**

ലോഗോസ് ക്വിസ് 2010-ന്റെ സംസ്ഥാന തല പരീക്ഷ പി.ഒ.സിയിൽ വച്ച് 2010 നവംബർ 28-ന് നടത്തുന്നതായിരിക്കും.

**കെ.സി.ബി.സി ബൈബിൾ കമ്മീഷൻ സംഘടിപ്പിക്കുന്ന സാഹിത്യമത്സരങ്ങൾ-2010**

വചനാധിഷ്ഠിത ചിന്തയും സാഹിത്യവും സംസ്കാരവും പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ കെ.സി.ബി.സി ബൈബിൾ കമ്മീഷൻ രചനാമത്സരങ്ങൾക്കുള്ള കൃതികൾ ക്ഷണിക്കുന്നു. എല്ലാ രചനകളുടെയും പ്രതിപാദന വിഷയം ബൈബിൾ പ്രമേയങ്ങളായിരിക്കണം. മത്സരങ്ങൾ സംബന്ധിച്ച നിയമങ്ങൾ താഴെ ചേർക്കുന്നു.

കവിത, കഥ, ലേഖനം, ഏകാങ്കനാടകം എന്നീ ഇനങ്ങളിലാണ് മത്സരം. പ്രതിപാദന വിഷയം ബൈബിളിലെ ഏതു ഭാഗമാണെന്ന് വ്യക്തമാക്കിയിരിക്കണം. ബൈബിൾ പ്രമേയങ്ങളുടെ ആനുകാലികാവിഷ്കരണങ്ങൾ അനുവദനീയമാണ്. ചെറുകഥ ആറുപേജിലും ലേഖനം പത്തുപേജിലും കവിത അറുപതു വരികളിലും കവിയരുത്. ഏകാങ്കം മുപ്പതുമിനിട്ടുകൊണ്ട് അവതരിപ്പിക്കാവുന്നതായിരിക്കണം. കൃതി അനുകരണമോ വിവർത്തനമോ മുമ്പ് പ്രസിദ്ധീകരിച്ചിട്ടുള്ളതോ പ്രസിദ്ധീകരണത്തിന് എവിടെയെങ്കിലും ഏൽപ്പിച്ചിട്ടുള്ളതോ ആയിരിക്കരുത്. ജൂനിയർ, സീനിയർ തിരിവോ പ്രായപരിധി നിബന്ധനകളോ രചനാ മത്സരങ്ങൾക്കില്ല

അല്മയാർ, സെമിനാരി വിദ്യാർത്ഥികൾ, സന്യാസിനികൾ എന്നീ ഗ്രൂപ്പുകൾക്ക് വെവ്വേറെയായിരിക്കും ലേഖനമത്സരം ഓരോ ഗ്രൂപ്പിലുമുള്ള വിഷയം താഴെ കൊടുക്കുന്നു.

ഗ്രൂപ്പ് നമ്പർ 1: അല്മായർ

വിഷയം: ബൈബിളും മലയാള സാഹിത്യവും

ഗ്രൂപ്പ്നമ്പർ 2: സെമിനാരി വിദ്യാർത്ഥികൾ

വിഷയം: ബൈബിളും വൈദികപരിശീലനവും

ഗ്രൂപ്പ് നമ്പർ 3: സന്ന്യാസിനികൾ

വിഷയം: ബൈബിളും സന്ന്യാസപാരമ്പര്യവും

മത്സരത്തിനയക്കുന്ന കൃതികളോടൊപ്പം 50 രൂപ വീതം രജിസ്ട്രേ



**Palakkad Rupatha Bulletin**
Editor: Fr. Jaimon Pallineerakkal, Published by: Fr. Dominic Aippenparambil, Bishop's House, Palakkad - 678 004.

ഷൻ ഫീസും (MO/DD) വികാരിയുടെയോ/ സുപ്പീരിയറിന്റെയോ സാക്ഷ്യ പത്രവും അയയ്ക്കേണ്ടതാണ്. ഇവ രണ്ടും ലഭിക്കാത്ത രചനകൾ സ്വീകരിക്കുന്നതല്ല. മത്സരത്തിനയയ്ക്കുന്ന കൃതികൾ തിരിച്ചു നൽകുന്നതല്ല. ആവശ്യമുള്ളവർ മത്സരത്തിനയയ്ക്കുന്നതിനുമുൻപ് കൃതികളുടെ കോപ്പികൾ കരുതേണ്ടതാണ്. സമ്മാനർഹമാകുന്ന കൃതികൾ ആദ്യം പ്രസിദ്ധീകരിക്കാനുള്ള അവകാശം കെ.സി.ബി.സി ബൈബിൾ കമ്മീഷനായിരിക്കും. കൃതികൾ ലഭിക്കേണ്ട അവസാന തീയതി 2010 ഒക്ടോബർ 30 ആണ്. വൈകിയെത്തുന്ന കൃതികൾ സ്വീകരിക്കുന്നതല്ല.

ഒന്നും രണ്ടും മൂന്നും സ്ഥാനത്തെത്തുന്ന സമ്മാനാർഹർക്ക് സർട്ടിഫിക്കറ്റും ബൈബിളും താഴെ കൊടുത്തിരിക്കുന്നതനുസരിച്ച് ക്യാഷ് അവാർഡും നൽകുന്നതാണ്.

| മത്സര ഇനം | രജി.ഫീസ് | സമ്മാനങ്ങൾ | | |
|---|---|---|---|---|
| | | First | Second | Third |
| 1. കവിത | 50 | 2000 | 1500 | 1000 |
| 2. ചെറുകഥ | 50 | 2000 | 1500 | 1000 |
| 3. ഏകാങ്കനാടകം | 50 | 2000 | 1500 | 1000 |
| 4. ലേഖനം-1 | 50 | 2000 | 1500 | 1000 |
| 5. ലേഖനം-2 | 50 | 2000 | 1500 | 1000 |
| 6. ലേഖനം-3 | 50 | 2000 | 1500 | 1000 |

കൃതികൾ അയയ്ക്കേണ്ട വിലാസം സെക്രട്ടറി, ബൈബിൾ കമ്മീഷൻ, പി.ഒ.സി, പി.ബി.നമ്പർ 2251, പാലാരിവട്ടം, കൊച്ചി-682025

**പുതിയനിയമ ഓഡിയോ ബൈബിൾ**

ബൈബിൾ ചുരുങ്ങിയ വിലയ്ക്ക് എല്ലാ മാധ്യമങ്ങളിലൂടെയും ലഭ്യമാക്കണം എന്ന ലക്ഷ്യത്തോടെ കെ.സി.ബി.സി ബൈബിൾ കമ്മീഷനും കിങ്ഡം മിനിസ്ട്രിയും സംയുക്തമായി പ്രസിദ്ധീകരിച്ച പുതിയ നിയമ ഓഡിയോ ബൈബിൾ (മൂന്ന് MP3 CD കൾ) ഇതുവരെ 180 രൂപയ്ക്കാണ് വിൽക്കപ്പെട്ടിരുന്നത് ഇനിമുതൽ അത് വെറും 50 രൂപയ്ക്ക് ലഭ്യമാണ്. ആവശ്യമുള്ളവർ അതിനുള്ള ഓർഡറുകൾ എത്രയും വേഗം രൂപതാമത ബോധന കേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്.

**ഫാ. മാത്യു വാഴയിൽ**

ഡയറക്ടർ, ബൈബിൾ അപ്പസ്റ്റോലേറ്റ്





# അൾത്താരസംഘം

**അൾത്താരസംഘം സെമിനാറുകൾ**

എല്ലാ വർഷങ്ങളിലേതുപോലെ ഈ വർഷവും അൾത്താര ബാലന്മാർക്കായി സെമിനാറുകൾ ഫൊറോന തിരിച്ച് സംഘടിപ്പിക്കുന്നു.

സെമിനാറുകളുടെ തിയ്യതിയും സ്ഥലവും ചുവടെ ചേർക്കുന്നു.

സെപ്റ്റം. 18 ശനി 9.30 am to 4.00pm ഒലവക്കോട് ഫൊറോന (ഫൊറോന പാരിഷ്ഹാൾ)

**അൾത്താര സംഘം ക്വിസ് മത്സരം**

ഈ വർഷവും അൾത്താര ബാലന്മാർക്കായി ക്വിസ് മത്സരം സംഘടിപ്പിക്കുന്നു. ജൂനിയർ (5,6,7) സീനിയർ (8-12) വിഭാഗങ്ങളിൽ നിന്നും ഓരോ ടീമിന് ഫൊറോനയിൽ നടക്കുന്ന മത്സരത്തിൽ പങ്കെടുക്കാം. പഠന ഭാഗം

ജനറൽക്വിസ് 2010 - 50 മാർക്ക്

കുർബാനപുസ്തകം - 15 മാർക്ക്

ലോഗോസ് പഠനഭാഗം - 25 മാർക്ക്

അൾത്താരശുശ്രൂഷകർ - 10 മാർക്ക്

ഫൊറോന തല മത്സരം നവംബർ 20 ശനി - ഫൊറോന കേന്ദ്രങ്ങളിൽ

രൂപതാതല മത്സരം ഡിസംബർ 11 ശനി - പാസ്റ്ററൽ സെന്റർ.

ഫൊറോനതലത്തിൽ വിജയികളായവരാണ് രൂപതാ തലത്തിൽ മത്സരിക്കുന്നത്.

**രൂപതാതല സമ്മാനങ്ങൾ**

1-ാ സമ്മാനം-1000 രൂപയും എവർറോളിങ്ങ് ട്രോഫിയും

2-ാ സമ്മാനം- 750 രൂപയും എവർറോളിങ്ങ് ട്രോഫിയും

3-ാ സമ്മാനം-500 രൂപയും എവർറോളിങ്ങ് ട്രോഫിയും

**ഫാ. മാത്യു വാഴയിൽ**

ഡയറക്ടർ, അൾത്താരസംഘം

# സീനായ് ധ്യാനകേന്ദ്രം

**പരിശുദ്ധാത്മാഭിഷേക ധ്യാനം**

**2010 സെപ്റ്റംബർ 5 മുതൽ 10 വരെ, 19 മുതൽ 24 വരെ**

എല്ലാ മാസവും ഒന്നാമത്തെയും മൂന്നാമത്തെയും ഞായറാഴ്ച വൈകുന്നേരം 5 മണിക്ക് ആരംഭിച്ച് വെള്ളിയാഴ്ച രാവിലെ 9 മണിക്ക് അവസാനിക്കുന്നു.

**ഫാ. ജോർജ്ജ് കുന്നേൽ**

ഡയറക്ടർ, സീനായ് ധ്യാനകേന്ദ്രം



**Palakkad Rupatha Bulletin**
Editor: Fr. Jaimon Pallineerakkal, Published by: Fr. Dominic Aippenparambil, Bishop's House, Palakkad - 678 004.

# Family Apostolate

**പ്രീകാന കോഴ്സ്**

**സെപ്റ്റം. 6, 7, 8, 9 ഒക്ടോബർ 4, 5, 6, 7**

തിങ്കളാഴ്ച രാവിലെ 9.30 മുതൽ വ്യാഴാഴ്ച ഉച്ചക്ക് 1.00 മണിവരെ

**ഫാ. ജോർജ്ജ് തുരുത്തിപ്പള്ളി**
ഡയറക്ടർ, ഫാമിലി അപ്പോസ്റ്റലേറ്റ്.

# തിരുബാലസഖ്യം

**ഫൊറോന സെമിനാറുകൾ**

താവളം ഫൊറോന സെമിനാർ 07.08.2010 ൽ സെഹിയോൻധ്യാനകേന്ദ്രത്തിൽ വച്ച് ഫൊറോന വികാരി പെ. ബഹു. ഗിൽബർട്ട് എട്ടൊന്നിലച്ചൻ ഉദ്ഘാടനം ചെയ്തു. 21.08.10 ൽ ഒറ്റപ്പാലം ഫൊറോനയിൽ വച്ച് നടന്ന സെമിനാർ ഫൊറോന പാരിഷ്ഹാളിൽ വച്ച് വികാരി പെ. ബഹു തോമസ് വടക്കുഞ്ചേരിയച്ചൻ ഉദ്ഘാടനം ചെയ്തു. ഫാ. ജസ്റ്റിൻ കോലംകണ്ണി, ഫാ. ജോമിസ് കൊടകശ്ശേരി, ഫാ. ജിജോ പാറയിൽ,ഫാ. ബിജു കല്ലിങ്കൽ, ഫാ. നിലേഷ് തുരുത്തുവേലിൽ ഫാ.സജി വട്ടുകളത്തിൽ ബ്ര. ടോണി എന്നിവർക്ലാസുകൾക്ക് നേതൃത്വം നൽകി.

തുടർന്നുവരുന്ന സെമിനാറുകൾ:

ആഗസ്റ്റ്- 28 ശനി 9.30 am to 4 pm വടക്കുഞ്ചേരി ഫൊറോന

സെപ്റ്റംബർ- 18 ശനി9.30 am to4pm ഒലവക്കോട് ഫൊറോന

**തിരുബാലസഖ്യം ക്വിസ്**

നേരത്തെ അറിയിച്ചിരുന്നതുപോലെ തിരുബാലസഖ്യം ക്വിസിനുള്ള ചോദ്യോത്തരങ്ങൾ ബുള്ളറ്റിനിൽ ഒരു തവണ പ്രസിദ്ധീകരിച്ചു. പക്ഷേ ചില സാങ്കേതിക കാരണങ്ങളാൽ അത് തുടർന്ന് പ്രസിദ്ധീകരിക്കുവാൻ കഴിയില്ല. അതിനാൽ മുൻ വർഷത്തേതുപ്പോലെ ചോദ്യോത്തരങ്ങൾ പ്രിന്റ് ചെയ്ത് അതാത് ഫൊറോനകളിൽ ഒക്ടോബർ 23-ാം തിയ്യതി എത്തിക്കുന്നതാണ്. അതാതു ഇടവകകളിലേക്കുള്ള ഒരു കോപ്പി ബന്ധപ്പെട്ട ഫൊറോന ഡയറക്ടറുടെ പക്കൽ നിന്ന് കൈപ്പറ്റേണ്ടതാണ്.

**ഫാ. ജസ്റ്റിൻ കോലംകണ്ണി**
ഡയറക്ടർ, തിരുബാലസഖ്യം





# മാതൃസംഘം

**ഷാലോം സിംഗിൾസ്**

നമ്മുടെ ഇടവകകളിൽ വിവാഹ പ്രായം കഴിഞ്ഞിട്ടും വിവാഹം കഴിയാത്തവരും വിവാഹിതരാകാൻ ആഗ്രഹിക്കാത്തവരുമായ സ്ത്രീകളുടെ കൂട്ടായ്മ രൂപതാ തലത്തിൽ സംഘടിപ്പിക്കുന്നു. ഇടവകയിലെ പ്രസ്തുത അംഗങ്ങളുടെ പേരുകളും അഡ്രസും ശേഖരിച്ച് രൂപതാ കേന്ദ്രത്തിൽ എത്തിക്കുക.

**പ്രപഞ്ചോത്സവ് മാതൃസംഘം ഫൊറോനാതല സെമിനാറുകൾ**

വടക്കഞ്ചേരി ഫൊറോനാതല മാതൃസംഘം ഏകദിന സെമിനാർ 2010 ഓഗസ്റ്റ് 9 ന് നടത്തപ്പെട്ടു. ശ്രീമതി മേരി റോയി (തൃശൂർ) ശ്രീമതി ലില്ലി ജോസ് കല്ലറയ്ക്കൽ (മണ്ണുത്തി) എന്നിവർ ക്ലാസ്സുകൾ നയിച്ചു.

2010 സെപ്റ്റംബർ 15 ന് ഒലവക്കോട് ഫൊറോന മാതൃസംഘം സെമിനാർ പുലാപ്പറ്റയിൽ വച്ച് നടക്കും. 2010 ആഗസ്റ്റ് 26 ന് താവളം ഫൊറോന മാതൃസംഘം ഭാരവാഹികളുടെ മീറ്റിംഗ് രൂപതാഡയറക്ടറുടെ സാന്നിദ്ധ്യത്തിൽ നടത്തി, ഭാവിപരിപാടികൾ ചർച്ച ചെയ്തു. 2010 ഒക്ടോബർ 9 ന് ഫൊറോന സെമിനാറും സെപ്റ്റംബർ 10 ന് ഫൊറോനാതല ജനറൽബോഡിയും തീരുമാനിച്ചു.

**പഠനം**

മനുഷ്യന്റെ രോഗങ്ങളും വന്ധ്യതപരിഹാര- കൃത്രിമ ഗർഭനിരോധന മാർഗ്ഗങ്ങളും. സ്ത്രീരോഗങ്ങളും ഗർഭനിരോധനമാർഗ്ഗങ്ങളുടെ ഉപയോഗവും. ആഭാടങ്ങളും അമ്മമാരും. മദ്യപാനവും കുടുംബപ്രശ്നങ്ങളും. കുടുംബപ്രശ്നങ്ങളുടെ പരിണിതഫലമാകുന്ന മദ്യപാനദുശ്ശീലങ്ങളും മനുഷ്യന്റെ അനുദിന പിരിമുറുക്കങ്ങളും.

**രൂപതാതല ഡിബേറ്റ് - വാക് കളരി 2010**

വിഷയം : ശാസ്ത്രം രക്ഷകനോ ശിക്ഷകനോ?

വിവിധ ശാസ്ത്രീയ കണ്ടുപിടുത്തങ്ങൾ പ്രത്യേകിച്ച് ജീവനുമായി സംബന്ധിച്ചുള്ള ഗവേഷണങ്ങളുടെ വിലയിരുത്തൽ

ഒരു ഫൊറോനയിൽ നിന്ന് മോഡറേറ്റർ അടക്കം 7 പേരടങ്ങുന്ന ഒരു ടീം, സമയം 30 മിനിറ്റ്. മോഡറേറ്റർ ആമുഖപ്രഭാഷണം നടത്തുകയും വാഗ്വാദങ്ങളെ നിയന്ത്രിക്കുകയും അവസാനം വാദമുഖങ്ങൾ ചുരുക്കമായി അവതരിപ്പിക്കുകയും ചെയ്യണം. മറ്റ് ആറ് പേർ തങ്ങളുടെ വാദഗതികൾ അവതരിപ്പിക്കണം. പരസ്പര ബഹുമാനം പ്രതിപക്ഷ ആദരവ്, സമൃദ്ധ



**Palakkad Rupatha Bulletin**
Editor: Fr. Jaimon Pallineerakkal, Published by: Fr. Dominic Aippenparambil, Bishop's House, Palakkad - 678 004.

മായ വാക്കുകൾ, അവതരണം, തെളിവുകളുടെ ഹാജരാക്കൽ എന്നിവ പരിഗണനയ്ക്ക് എടുക്കുന്നു.

പങ്കെടുക്കുന്ന ഫൊറോനാടീമുകൾ 2010 സെപ്റ്റംബർ 10-ാം തിയതി 1.pm. ന് മുമ്പ് ഡയറക്ടറെ അറിയിക്കണം. അനുകൂലമോ പ്രതികൂലമോ എന്ന് 10-ാം തിയ്യതി 5.pm ന് മുമ്പായി ടീം ഫൊറോനയെ അറിയിക്കുന്നതാണ്. നറുക്കെട്ട് എടുക്കുന്ന ടീം ഒരുങ്ങി 2010 സെപ്റ്റംബർ 21 ചൊവ്വാഴ്ച പാലക്കാട് പാസ്റ്ററൽ സെന്ററിൽ എത്തണം. സമയം 10.30 am.

**സാഹിതി-ഫൊറോനതലാ സാഹിത്യ മത്സരങ്ങൾ**

ഫൊറോനകളിൽ പ്രസംഗം പ്രബന്ധം പൊതുവിജ്ഞാനം (ബൈബിൾ, സഭാപരം) ക്വിസ് നടത്തുക. രൂപതയിലേക്ക് സാഹിത്യ മത്സരങ്ങൾ ഇല്ല.

**അടുക്കളത്തോട്ടംമത്സരം- ഏദൻ 2010**

മാതൃസംഘങ്ങൾ ഒരുക്കുന്ന അടുക്കളത്തോട്ട മത്സരം. വീടുകളിൽ ഉണ്ടാക്കിയ തോട്ടങ്ങൾ ഫൊറോനതലത്തിൽ വിലയിരുത്തി ഒന്ന് രണ്ട് സ്ഥാനങ്ങൾ 2010 സെപ്റ്റംബർ 25 നു മുമ്പ് രൂപതാ ഡയറക്ടറെ അറിയിക്കുക. തോട്ടത്തിന്റെ സ്വഭാവം - സ്ഥല വിസ്തൃതി, വിളയുടെ വൈവിധ്യം ചെടികളുടെ ആരോഗ്യം, നട്ടിരിക്കുന്ന വിധം, ഫലദായകത്വം ഇവ പൊതുവായി പരിഗണിക്കുന്നു.

**സൃഷ്ടി 2010**

2010 ഒക്ടോബർ രണ്ടാണ് കയ്യെഴുത്തുപ്രതി രൂപതയിൽ സമർപ്പിക്കേണ്ട അവസാന ദിവസം.

**സൗഹൃദോത്സവ് 2010 മാതൃസംഘം രൂപതാ തല കലാമത്സരം**

2010 നവംബർ 6 ശനിയാഴ്ച പാലക്കാട് പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെടുന്നു. ഫൊറോനാതലങ്ങളിൽ മത്സരങ്ങൾ നടത്തി 2010 നവംബർ 1ന് തിങ്കളാഴ്ച 5 pm. ന് മുമ്പ് ഫൊറോനാലിസ്റ്റ് ഫീസോടുകൂടി രൂപതാ കേന്ദ്രത്തിൽ എത്തിക്കണം. മത്സരങ്ങൾ 6-ാം തിയ്യതി രാവിലെ 9.30 ന് ആരംഭിക്കും.

**സർഗോത്സവ് 2010**

രൂപതയിൽ വ്യക്തിഗത ഇനങ്ങളിൽ ജൂനിയർ സീനിയർ തിരിച്ച് മത്സരം ഉണ്ടായിരിക്കും. ജൂനിയർ 39 വയസ്സുൾപ്പെടെയും സീനിയർ 40 മുതൽ മുകളിലേയ്ക്കും ആയിരിക്കും. വ്യക്തിഗത ഇനങ്ങളിൽ സീനിയർ 1 ജൂനിയർ 1 വീതം എൻട്രികൾ ഓരോ ഫൊരോനയിൽ നിന്നും സ്വീകരിക്കും. ഗ്രൂപ്പിനവും പൊതുവായ ഇനവും ഓരോ ഫൊറോനയിൽ നിന്നും 2 എൻട്രികൾ വീതം ആകാം. എല്ലാ മത്സരങ്ങളും ബൈബിൾ അധിഷ്ഠിതമായിരിക്കും. വ്യക്തിഗത ഇനങ്ങളിൽ ഒരാൾക്ക് 3 ഇനങ്ങളിൽ മാത്രമേ പങ്കെടുക്കാവൂ. ഗ്രൂപ്പിനും സീനിയർ-ജൂനിയർ തിരിച്ചായിരിക്കുകയില്ല. വ്യക്തിഗത ഇനം





മാത്രമേ വ്യക്തിഗത ചാമ്പ്യൻഷിപ്പിനു പരിഗണിക്കുകയുള്ളൂ.

**മത്സരഇനങ്ങൾ**

വ്യക്തിഗതം:- പ്രസംഗം (5 മിനിറ്റ്) 5 മിനിറ്റ് മുമ്പ് വിഷയം നൽകും

കവിതാപാരായണം (5 മിനിറ്റ്) നോക്കി പാടാൻ പാടില്ല. ബൈബിൾ പ്രമേയം, ക്ലാസ്സിക്കൽ, സെമിക്ലാസ്സിക്കൽ അല്ല.

മോണോ ആക്ട് (5 മിനിറ്റ്) ബൈബിൾ ഭാഗം വ്യക്തമാക്കണം

പ്രച്ഛന്നവേഷം (5 മിനിറ്റ്) സെറ്റിംഗും ക്ലിയറിംഗും ഉൾപ്പെടെ. ബൈബിൾ ഭാഗം വ്യക്തമാക്കണം.കഥാ പാത്രത്തിന്റെ ശബ്ദം ആകാം.

കവിതാരചന (30 മിനിറ്റ്) (10 am to 10.30 am) ബൈബിൾ ഭാഗം വ്യക്തമാക്കണം.

**ഗ്രൂപ്പ് ഇനങ്ങൾ**

ഗ്രൂപ്പ് ഡാൻസ് (7 മിനിറ്റ്) ബൈബിൾ ഡാൻസ് 7 പേരിൽ കൂടരുത്, 5 പേരിൽ കുറയരുത്.

ബൈബിൾ ദൃശ്യാവതരണം (7 മിനിറ്റ്) അവതരണം 2 മിനിറ്റ് സെറ്റിംഗും ക്ലിയറിങ്ങും

സമൂഹഗാനം (7 മിനിറ്റ്) ബൈബിൾ പ്രമേയം. 7 പേരിൽ കൂടരുത്. 5 പേരിൽകുറയരുത്.

**പൊതുവായ ഇനങ്ങൾ**

വചനസദ്യ - ബൈബിൾ വാക്യമെഴുതൽ, 10 മിനിറ്റുകൾകൊണ്ട് വചനഭാഗവും, വചനങ്ങളും ഏറ്റവും കൂടുതൽ എഴുതുന്നത്.

പെയിന്റിംഗ് - നല്കപ്പെടുന്ന ചിത്രം എല്ലാ നിറങ്ങളും ഉൾപ്പെടുത്തി വരയക്കണം. 2 മണിക്കൂർ.

പുഷ്പാലങ്കാരം (സ്വാഭാവിക പൂക്കൾ മാത്രം) 6 അടി നീളമുള്ള ഡെസ്ക് നൽകും. ഇത് അൾത്താരയായി പരിഗണിച്ച് അലങ്കരിക്കണം. 30 മിനിറ്റ്. കൂടാതെ 15 മിനിറ്റ് തുണികൾ കൊണ്ട് അലങ്കാരങ്ങൽ നടത്താം. (11.30 am to 12.15 pm) മുൻകൂട്ടി തയ്യാറാക്കി കൊണ്ടുവരരുത്. തത്സമയം തുണിയും പൂക്കളും ഉപയോഗപ്പെടുത്തി അലങ്കരിക്കണം. സപ്പോർട്ടിംഗ് വസ്തുക്കൾ കൊണ്ടുവരണം. പൊതുവായ ഇനങ്ങൾ സീനിയർ, ജൂനിയർ തിരിച്ച് ആയിരിക്കും.

**പൊതുനിബന്ധനകൾ**

1. പ്രവേശനം മാതൃസംഘാംഗങ്ങൾക്കുമാത്രം. 2010 പ്രവർത്തനവർഷത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള യൂണിറ്റുകളും അംഗങ്ങളും മാത്രം. ക്രമവിരുദ്ധമായി കണ്ടാൽ അയോഗ്യരാക്കുന്നതാണ്.
2. മത്സരങ്ങളിൽ മൈക്ക് ഉപയോഗിക്കാൻ നൽകുന്നതല്ല. സി.ഡി. കാസറ്റ് പ്ലയർ കൊണ്ടുവരേണ്ടതാണ്. ആപ്ലിഫയറിലേക്ക് പിൻ കരുതേണ്ട



**Palakkad Rupatha Bulletin**
Editor: Fr. Jaimon Pallineerakkal, Published by: Fr. Dominic Aippenparambil, Bishop's House, Palakkad - 678 004.

താണ്.

3. രജിസ്ട്രേഷൻ ഫീസ് (പൊതുവായ ഇനം 25 രൂപ, വ്യക്തിഗതം 15 രൂപ, ഗ്രൂപ്പ് 50 രൂപ) അടയ്ക്കാതെ ഫൊറോന ലിസ്റ്റ് സ്വീകരിക്കുന്നതല്ല.
4. ഭക്ഷണം ആവശ്യമുള്ളവർ 2010 നവംബർ 1-ന് രജിസ്ട്രേഷൻ നടത്തുമ്പോൾ എണ്ണവും തുകയും ഏൽപ്പിച്ചാൽ ക്രമീകരിക്കുന്നതാണ്.
5. ഫൊറോനകൾക്ക് ടീം മനേജർമാർ ഉണ്ടായിരിക്കണം. മത്സര നടത്തിപ്പുമായുള്ള എല്ലാ കാര്യങ്ങൾക്കും ടീം മാനേജരാണ് ഓഫീസുമായി ബന്ധപ്പെടേണ്ടത്. മത്സര ദിവസം രാവിലെ 9 മണിക്ക് ടീം മാനേജർ റിപ്പോർട്ട് ചെയ്ത് ചെസ്റ്റ് നമ്പറുകൾ സ്വീകരിക്കേണ്ടതാണ്.
6. പരാതികളുണ്ടെങ്കിൽ റിസൽട്ട് പ്രഖ്യാപിച്ചശേഷം 15 മിനിറ്റുകൾക്കുള്ളിൽ രേഖാമൂലം 200രൂപ ഫീസോടുകൂടി ടീം മാനേജർ ഓഫീസിൽ പരാതിപ്പെടാം. ഫീസ് തിരിച്ചു നൽകുകയില്ല.
7. ഒരേ സമയം വിവിധ മത്സരങ്ങൾ നടക്കുന്നതാണ്. ഗ്രൂപ്പിനങ്ങളിലുള്ളവർ വ്യക്തിഗത ഇനങ്ങളിൽ മത്സരിക്കുന്നുണ്ടെങ്കിൽ സമയക്രമം അനുസരിച്ച് മത്സരിക്കേണ്ടതാണ്.
8. മത്സരക്കമ്മറ്റിയുടെ തീരുമാനം അന്തിമമായിരിക്കും. ജഡ്ജസിന്റെ വിധി തീർപ്പ് എല്ലാവരും അംഗീകരിക്കണം.
9. മത്സര സമയക്രമം കൃത്യമായി പാലിക്കണം.
10. ഫൊറോനയിൽ നിന്നുള്ള എൻട്രികൾ പ്രസ്തുത ഫോമിൽ പൂരിപ്പിച്ച് ഫൊറോന കോ-ഓഡിനേറ്റർ, പ്രസിഡന്റ്, മാനേജർ ഇവരുടെ ഒപ്പോടുകൂടി ഏല്പിക്കണം.

NB: പുതിയ ഫൊറോനകളിലെ യൂണിറ്റുകൾ പുതിയ ഫൊറോനതലത്തിൽ ആണ് മത്സരിക്കേണ്ടത്. മാതൃസംഘം ഫൊറോനസംവിധാനം എത്രയും വേഗം ക്രമീകരിക്കുക.

**യൂണിറ്റ് അഫിലിയേഷൻ/ പുതുക്കൽ**

2010 പ്രവർത്തനവർഷത്തിൽ അഫിലിയേഷൻ ഫീസ് പുതുക്കൽ തുക 75/- അടയ്ക്കാത്തവർക്കും അഫിലിയേഷൻ അംഗങ്ങളുടെ പേരുകൾ ഉള്ള ലിസ്റ്റ് തരാത്തവർക്കും മത്സരങ്ങളിൽ പങ്കെടുക്കാൻ സാധിക്കുകയില്ല. 2010 സെപ്തംബർ 15 അവസാന തിയ്യതി.

**പുതുക്കൽ തുക അടയ്ക്കാത്ത യൂണിറ്റുകൾ പഴയ ഫൊറോന അടിസ്ഥാനത്തിൽ:-**

ഒലവക്കോട് ഫൊറോന - ഞാറക്കോട്, മരിയനഗർ, മലമ്പുഴ

മേലാർക്കോട് ഫൊറോന - മേലാർക്കോട്, ചിറ്റിലഞ്ചേരി, കരിങ്കയം, ചിറ്റടി, നെന്മാറ, പോത്തുണ്ടി,





വടക്കഞ്ചേരി ഫൊറോന - കല്ല, പാടൂർ, പനംകുറ്റി, പന്തലാംപാടം, പഴമ്പാലക്കോട്,

താവളം ഫൊറോന - താവളം, വയലൂർ, അഗളി, ചിറ്റൂർ, ജെല്ലിപ്പാറ, കാരറ, ത്രിത്വമല,

പാലക്കാട് ഫൊറോന - കൊല്ലംകോട്, മാങ്കാവ്, വാലുപറമ്പ്, യാക്കര

ഒറ്റപ്പാലം ഫൊറോന - ആലങ്ങാട്, കടമ്പഴിപ്പുറം, മലയകം

കാഞ്ഞിരപ്പുഴ ഫൊറോന - അരപ്പാറ, കല്ലടിക്കോട്, കാരാക്കുറിശ്ശി, കരിമ്പ, വഴിക്കടവ്, കാഞ്ഞിരപ്പുഴ

**അഫിലിയേഷൻ ഫോം നൽകാത്ത യൂണിറ്റുകൾ പഴയ ഫൊറോന അടിസ്ഥാനത്തിൽ:-**

ഒലവക്കോട് ഫൊറോന - ഞാറക്കോട്, മലമ്പുഴ

മേലാർക്കോട് ഫൊറോന - ചിറ്റിലഞ്ചേരി, കരിങ്കയം, കയറാടി

വടക്കഞ്ചേരിഫൊറോന - കല്ല, പനംകുറ്റി, പന്തലാംപാടം, പഴമ്പാലക്കോട്, ജോസ്ഗിരി

താവളം ഫൊറോന - താവളം, വയലൂർ, അഗളി, ചിറ്റൂർ, ജെല്ലിപ്പാറ, കാരറ, ത്രിത്വമല, പുലിയറ

പാലക്കാട് ഫൊറോന - കൊല്ലംകോട്, കൊടുവായൂർ വാലുപാറമ്പ്, യാക്കര

ഒറ്റപ്പാലം ഫൊറോന - ആലങ്ങാട്, കടമ്പഴിപ്പുറം, മലയകം, കുളക്കാട്ടുകുറിശ്ശി, കൂനത്തറ

കാഞ്ഞിരപ്പുഴ ഫൊറോന - അരപ്പാറ, കല്ലടിക്കോട്, കാരാക്കുറിശ്ശി, കരിമ്പ, വഴിക്കടവ്, ചീനിക്കപ്പാറ, പൂഞ്ചോല, ഇരുമ്പകച്ചോല.

2010 സെപ്തംബർ 15-നു മുമ്പ് തുകയും (കുടിശ്ശികയുണ്ടെങ്കിൽ അതുൾപ്പെടെ) അഫിലിയേഷൻ ഫോമും രൂപതാകേന്ദ്രത്തിൽ എത്തിക്കണം. പുതിയതും പഴയതുമായ ഫൊറോന ഭാവാഹികളുടെ ലിസ്റ്റും രൂപതയിൽ ഏല്പിക്കണം.

**അമ്മമാർ അമ്മയോടൊത്ത്**

ഒക്ടോബർ മാസം ജപമാല ഭക്തിയുടെ മാസം, പദ്ധതികൾ - കൊന്തപ്രദിക്ഷണം, ജപമാലമാസ സമാപനം, മാതൃസംഘം നേതൃത്വം കൊടുക്കണം.

**ഫാ. ജോർജ്ജ് പെരുമ്പിള്ളിൽ**
ഡയറക്ടർ, മാതൃസംഘം



Palakkad Rupatha Bulletin
Editor: Fr. Jaimon Pallineerakkal, Published by: Fr. Dominic Aippenparambil, Bishop's House, Palakkad - 678 004.

# CWWC

**പൗരന്റെ പ്രാധാന്യം**

തിരഞ്ഞെടുപ്പുകളിൽ സമ്മതിദായക അവകാശം വിനിയോഗിക്കാൻ ശ്രദ്ധിക്കുക. നിഷ്ക്രിയത്വം നന്നല്ല. നിതാന്ത ജാഗ്രതയാണ് ജനാധിപത്യത്തിന്റെ അടിസ്ഥാനം.

**Advocates Association for Legal Advice Palakkad (AALAP)**

പാലക്കാട് ജില്ലയിൽ പ്രവർത്തിക്കുന്നവരും നമ്മുടെ ഇടവക പരിധിയിൽ താമസിക്കുന്നവരുമായ ക്രിസ്തീയരായ അഭിഭാഷകരുടെ കൂട്ടായ്മ സംഘടിപ്പിക്കുവാൻ താല്പര്യമുണ്ട്. കത്തോലിക്കരും അകത്തോലിക്കരുമായ അഡ്വക്കേറ്റ്സിന്റെ പേരുകളും അഡ്രസ്സുകളും ശേഖരിച്ച് CWWC രൂപതാ ഓഫീസിൽ അറിയിക്കുമല്ലോ. പാലക്കാട് ജില്ലയിലെ നിയമസഹായവേദിയുടെ മുന്നോടിയായി നമ്മുക്ക് ചെയ്യാവുന്ന സേവനം ഉറപ്പാക്കുകയാണ് ലക്ഷ്യം. ഒപ്പം സഭാപരമായ ഒരു കൂട്ടായ്മയും പ്രവർത്തനവും ലക്ഷ്യം വയ്ക്കുന്നു. ക്രൈസ്തവ പ്രശ്നങ്ങളോട് അഭിഭാഷകരുടെ പ്രതികരണവേദിയുമായിരിക്കും AALAP.

**ഫാ. ജോർജ്ജ് പെരുമ്പിള്ളിൽ**
ഡയറക്ടർ, CWWC

# സി എൽ സി.

**മദർ തെരേസ ദിനം**

പാവങ്ങളുടെ അമ്മയോടു പ്രാർത്ഥിക്കേണ്ട ദിനം. സമൂഹത്തിൽ വേദനിക്കുന്നവർക്ക് വേണ്ടി പ്രാർത്ഥിക്കാനും, അവരെ സന്ദർശിച്ച് ആശ്വസിപ്പിക്കാനും പരിശ്രമിക്കുക.

**ഏകദിനസെമിനാർ**

പാലക്കാട് മേഖലയുടെ സി.എൽ.സി ഏകദിന സെമിനാർ സെപ്റ്റംബർ 10 വെള്ളിയാഴ്ച്ച നടത്തപ്പെടുന്നു. കത്തീഡ്രൽ, മാങ്കാവ്, തത്തമംഗലം, കൊടുവായൂർ, ഷൊർണ്ണൂർ, പട്ടാമ്പി എന്നീ യൂണിറ്റുകൾ സംയുക്തമായി സെമിനാറിൽ പങ്കെടുക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

**കലാകായിക മത്സരം**

ഇടവകാതലത്തിലുള്ള കലാകായിക മത്സരങ്ങൾ സെപ്റ്റംബർ 21-ാം തിയ്യതി ചൊവാഴ്ച്ച നടത്തേണ്ടതാണ്.

**പ്രാർത്ഥന** : വൈദിക മേലദ്ധ്യക്ഷന്മാർക്ക് വേണ്ടി പ്രാർത്ഥിക്കുക.

**പഠനം** : തിരുസഭ ബൈബിളിൽ





**പ്രവർത്തനം** : ബനഡിക്ട് 16-ാം പാപ്പായുടെ ചാക്രിക ലേഖനങ്ങൾ സമാഹരിക്കുക.

**ഫാ. ബിജു പ്ലാത്തോട്ടത്തിൽ,**
ഡയറക്ടർ, സി.എൽ.സി.

# കെ.സി.വൈ.എം.

**"LIVE THE WORD - LIBERATE THE WORLD"**

ഓരോ ഇടവകയിൽ നിന്നും തിരഞ്ഞെടുക്കപ്പെടുന്ന ഒരു യുവാവിനെയും യുവതിയെയും പങ്കെടുപ്പിച്ചുകൊണ്ട് പാലക്കാട് രൂപതയിലെ യുവജനങ്ങളെ ശക്തിപ്പെടുത്തുന്നതിനും കർമ്മധീരരാക്കുന്നതിനുമായി ഒരു ത്രിദിന പഠനശിബിര ക്യാമ്പ് (യൂത്ത് പാർലമെന്റ്) ഒക്ടോബർ 1,2,3 തിയ്യതികളിൽ യുവക്ഷേത്രയിൽ വച്ച് നടത്തപ്പെടുന്നു. പങ്കെടുക്കുവാനുള്ള യുവജനങ്ങളെ വികാരിയച്ചന്മാർ തിരഞ്ഞെടുക്കുവാൻ ശ്രദ്ധിക്കുമല്ലോ. വിശദവിവരങ്ങൾ സർക്കുലറിലൂടെ ലഭ്യമാക്കുന്നതാണ്.

**യൂത്ത് പാർലമെന്റ് - പാലക്കാട്**

പ്രിയ സുഹൃത്തേ,

ഇത് ഒരാഹ്വാനമാണ്. യുവജനങ്ങൾക്കും യുവജനങ്ങളെ സ്നേഹിക്കുന്നവർക്കുമുള്ള ഒരാഹ്വാനം. അറിവിന്റെ അത്താഴമേശയ്ക്കരികിൽ ഒരുമിക്കാൻ ഒരാഹ്വാനം... വിപ്ലവം ഇവിടെ വിളമ്പില്ല, വിഭാഗീയത വിതറില്ല, പകരം അറിവിന്റെ ബോധിവൃക്ഷത്തണലിൽ അൽപം വിശ്രമം. അറിവും അറിവുകേടും തമ്മിൽ ഒരു സംവാദം... നേരിന്റെയും നെറിവിന്റെയും ഒരു നേർക്കാഴ്ച്ച... സാമൂഹിക രാഷ്ട്രീയ മതഭൂമികയിലെ നന്മകൾ തിരയുന്ന മൂന്ന് പകലിരവുകൾ. ഈ യുവജന സംഗമത്തിലേക്ക് സുഹൃത്തേ നിങ്ങൾക്കും വരാം. സാമൂഹിക പ്രതിബദ്ധതയുടെ അഗ്നിചിറകുള്ള, രാഷ്ട്രീയ പ്രബുദ്ധതയുടെ നക്ഷത്രക്കണ്ണുള്ള, ആത്മീയ പ്രബോധനത്തിന്റെ ലോഹപാദങ്ങളുള്ള നവയുവനിർമ്മിതിയിലേക്ക് ഏവർക്കും സ്വാഗതം. കേരളസാമൂഹികരാഷ്ട്രീയ മതനഭോമണ്ഡലത്തിലെ പ്രഗത്ഭരുടെ വാക്കുകൾ നിങ്ങളെ കാത്തിരിക്കുന്നു. സുസ്വാഗതം.

**'അമ്മയോടൊത്തൊരുനാൾ'**

കൽക്കട്ടായിലെ തെരുവുകളേയും, തെരുവിന്റെ മക്കളേയും ക്രിസ്തുനാഥനോടുള്ള തന്റെ സമ്പൂർണ്ണ സമർപ്പണം കൊണ്ട് ധന്യമാക്കിയ പാവങ്ങളുടെ അമ്മയായ മദർതെരേസയുടെ രൂപതാതല അനുസ്മരണം സെപ്തംബർ 5-ന് മണ്ണാർക്കാട് ഫൊറോനയുടെ ആതിഥേയത്വത്തിൽ നട



**Palakkad Rupatha Bulletin**
Editor: Fr. Jaimon Pallineerakkal, Published by: Fr. Dominic Aippenparambil, Bishop's House, Palakkad - 678 004.

ത്തപ്പെടുന്നു. ഫൊറോന കേന്ദ്രങ്ങളിൽ അനുസ്മരണം സംഘടിപ്പിക്കുവാൻ ശ്രദ്ധിക്കുമല്ലോ.

**സംസ്ഥാന ക്യാമ്പ്**

കേരളകത്തോലിക്കാ യുവജന പ്രസ്ഥാനത്തെക്കുറിച്ചും, പ്രസ്ഥാനത്തിന്റെ സാമൂഹിക ഇടപെടലിനെക്കുറിച്ചും യുവജനങ്ങൾ ആഴത്തിൽ അറിഞ്ഞ് മനസ്സിലാക്കുന്നതിനായി കെ.സി.വൈ.എം സംസ്ഥാനസമിതി രൂപതയിൽ വച്ച് ക്യാമ്പ് സംഘടിപ്പിക്കുന്നു. സെപ്തംബർ 9,10,11 തിയ്യതികളിൽ ധോണിയിൽ (START) വച്ചാണ് ക്യാമ്പ് നടത്തപ്പെടുന്നത്. യൂണിറ്റ് ഫൊറോന ഭാരവാഹികൾ ഈ ക്യാമ്പിൽ പങ്കെടുത്ത് സംഘടനാ പ്രവർത്തനങ്ങളിൽ കൂടുതൽ ആഴപ്പെട്ടവരായിത്തീരുവാൻ ശ്രദ്ധിക്കുമല്ലോ. (Reg.fee- 100/-)

**ബോധിനി - വനിതാ ക്യാമ്പ്**

സ്ത്രീകൾ കുടുംബത്തിലും സമൂഹത്തിലും വളരെ പ്രധാനപ്പെട്ട പങ്ക് വഹിക്കുന്നുണ്ട്. മാറുന്ന സാമൂഹ്യ പശ്ചാത്തലത്തിൽ മാറ്റത്തെ ഉൾക്കൊണ്ട് മുന്നേറാൻ യുവതികളെ ശക്തരാക്കുക എന്ന ലക്ഷ്യത്തോടെ കാഞ്ഞിരപ്പുഴ ഫൊറോനയുടെ ആതിഥേയത്വത്തിൽ രൂപതാ സമിതി സെപ്റ്റംബർ 24, 25, 26 തിയ്യതികളിൽ വനിതാ ക്യാമ്പ് സംഘടിപ്പിക്കുന്നു. ഓരോ യൂണിറ്റിലേയും വനിതാംഗങ്ങളെ ഈ ക്യാമ്പിൽ പങ്കെടുപ്പിക്കണമെന്ന് പ്രത്യേകമായി ഓർമിപ്പിക്കുന്നു. സെപ്റ്റംബർ 20-ന് മുമ്പായി താഴെ കാണുന്ന നമ്പറുകളിൽ ഏതിലെങ്കിലും വിളിച്ച് പേര് രജിസ്റ്റർ ചെയ്യുക. Ph: 9744031334, 9495825674, 9495624264. ((Reg.fee- 100/-)

**അംഗത്വവും അഫിലിയേഷനും**

യൂണിറ്റുകളിൽ അംഗത്വഫോമുകൾ എത്തിയിട്ടുണ്ടാകുമെന്ന് വിശ്വസിക്കുന്നു. മെമ്പർഷിപ്പ് ഫോമുകളിൽ മതിയായ വിവരങ്ങൾ പൂരിപ്പിച്ച് യൂണിറ്റ് ഭാരവാഹികൾ എത്രയും പെട്ടന്ന് രൂപതാ ഓഫീസിൽ എത്തിക്കേണ്ടതാണ്. ഈ വർഷത്തെ അഫിലിയേഷൻ നടത്താത്ത യൂണിറ്റുകൾ അഫിലിയേഷൻ നടത്തേണ്ടതാണ്. അഫിലിയേഷൻ ഫീസ് ഘടന താഴെചേർക്കുന്നു.

100ൽ താഴെ കുടുംബങ്ങൾ ഉള്ള യൂണിറ്റ് - 150/-
100-200 വരെ കുടുംബങ്ങൾ ഉള്ള യൂണിറ്റ് - 250/-
200 ന് മുകളിൽ കുടുംബങ്ങൾ ഉള്ള യൂണിറ്റ് - 500/-

**സ്വാഗതം...**

കേരളകത്തോലിക്കാ യുവജന പ്രസ്ഥാനത്തിന് പുത്തൻ ഉണർവ്വേകാനും, പ്രസ്ഥാനത്തിന്റെ മുന്നോട്ടുള്ള യാത്രയിൽ സഹയാത്രികളായി പ്രസ്ഥാനത്തെ നയിക്കുവാനും, വളർത്തുവാനും പുതിയതായി നിയമിതരായിരിക്കുന്ന മേലാർക്കോട് ഫൊറോനാ ഡയറക്ടർ ബഹു. ജോസ് പൊൻമാണിയച്ചനും, പൊന്നംകോട് ഫെറോന ഡയറക്ടർ ബഹു. ഡേവീസ് ചക്കുംപീടികയച്ചനും, മംഗലംഡാം ഫൊറോനാ ഡയറക്ടർ ബഹു. സുമേഷ്





നാൽപതാംകളം അച്ചനും, തത്തമംഗലം ഫൊറോനാ ഡയറക്ടർ ബഹു. ജോയ്സൺ ആക്കപറമ്പിൽ അച്ചനും, പാലക്കാട് ഫൊറോനാ ഡയറക്ടർ ബഹു. ജോമി തേക്കുംകാട്ടിൽ അച്ചനും കെ.സി.വൈ.എം രൂപതാ സമിതിയിലേക്ക് ഏറെ സ്നേഹത്തോടെ സ്വാഗതം ചെയ്യുന്നു. രൂപതാ സമിതിയുടെ അഭിനന്ദനങ്ങളും, പ്രാർത്ഥനാശംസകളും നേർന്നുകൊള്ളുന്നു.

**നന്ദി...**

കഴിഞ്ഞകാലയളവിൽ പാലക്കാട് ഫൊറോനാ ഘടകത്തിന് നേതൃത്വം നൽകിയ ബഹു. ആന്റോ കീറ്റിക്കൽ അച്ചന് രൂപതാസമിതിയുടെ ഹൃദയം നിറഞ്ഞ നന്ദി...

**ഫാ. ആന്റോ തൈക്കാട്ടിൽ**
ഡയറക്ടർ, കെ.സി.വൈ.എം.

# സി.എം.എൽ.

**സെപ്തംബർ - വിജ്ഞാന വീഥിയിൽ കാലിടറാതെ**

| | |
|---|---|
| 1 ബുധൻ | വടക്കഞ്ചേരി മേഖല ഏകദിന സെമിനാർ<br>സ്ഥലം: വടക്കഞ്ചേരി ലൂർദ്ദ് മാതാ ഫൊറോന പള്ളി<br>സമയം: രാവിലെ 9.30 മുതൽ വൈകുന്നേരം 3.30 വരെ<br>മംഗലം ഡാം മേഖല ഏകദിന സെമിനാർ<br>സ്ഥലം: സെന്റ് സേവ്യർ ഫൊറോന പള്ളി<br>സമയം: 9.30 മുതൽ 3.30 വരെ |

**എട്ടുനോമ്പ് ആരംഭം**

മാധ്യമങ്ങൾ സമൂഹത്തിന്റെ സാംസ്ക്കാരിക ഉന്നമനത്തിന് ഉതകുന്നതിനുവേണ്ടി മിഷൻ ലീഗ് അംഗങ്ങൾ എട്ട് നോമ്പ് ആചരിച്ച് പ്രാർത്ഥിക്കുക.

| | | |
|---|---|---|
| സെപ്തം. 4 ശനി | : | വാഴ്ത്തപ്പെട്ട മദർതെരേസയുടെ ചരമദിനം |
| സെപ്തം. 8 ബുധൻ | : | അദ്ധ്യാപകദിനം അദ്ധ്യാപകരെ സമർപ്പിച്ച് പ്രാർത്ഥന നടത്തുക. |
| സെപ്തം. 9 വ്യാഴം | : | മാതാവിന്റെ പിറവി തിരുന്നാൾ |
| സെപ്തം. 21 ചൊവ്വ | : | സംസ്ഥാന സാഹിത്യ മത്സരം<br>സ്ഥലം : പാലക്കാട് പാസ്റ്ററൽ സെന്റർ,<br>സമയം : രാവിലെ 10 മണി മുതൽ 3.30 വരെ |
| സെപ്തം. 21 ചൊവ്വ | : | വൈസ് ഡയറക്ടേഴ്സ്, ആനിമേറ്റേഴ്സ് മീറ്റ്<br>സ്ഥലം : പാലക്കാട് പാസ്റ്ററൽ സെന്റർ<br>സമയം : 10 മണി മുതൽ 3.30 വരെ |



**Palakkad Rupatha Bulletin**
Editor: Fr. Jaimon Pallineerakkal, Published by: Fr. Dominic Aippenparambil, Bishop's House, Palakkad - 678 004.

പങ്കെടുക്കേണ്ടവർ : എല്ലാ ശാഖാ, മേഖല വൈസ് ഡയറക്ടർമാരും ആനിമേറ്റേഴ്സും.

സെപ്തം. 22 ബുധൻ : മുൻ സംസ്ഥാന വൈസ് ഡയറക്ടർ റവ.ഫാ.അബ്രഹാം ഈറ്റക്കകുന്നേലിന്റെ ചരമദിനം.

ഈ മാസത്തെ പ്രാർത്ഥന നിയോഗം : അദ്ധ്യാപകർക്കുവേണ്ടി.
മേഖല കലോത്സവങ്ങൾ പൂർത്തിയാക്കുക.
അനാഥാലയ സന്ദർശനം നടത്തുക.

**മിഷൻ ലീഗിന് പുതിയ ശാഖ**

നമ്മുടെ രൂപതയിലെ മണ്ണാർക്കാട് അലനല്ലൂർ പള്ളിയിൽ മിഷൻ ലീഗിന്റെ പുതിയ ശാഖ 22-ാം തിയ്യതി ഞായറാഴ്ച്ച ഉച്ചകഴിഞ്ഞ് 4.00 മണിക്ക് പെരി. ബഹു.വികാരി ജനറൽ മോൺ. ജോസഫ് ചിറ്റിലപ്പിള്ളി നിലവിളക്ക് തെളിച്ച് ഉദ്ഘാടനം ചെയ്തു. ഇതിനു വേണ്ടി യത്നിച്ച മണ്ണാർക്കാട് മേഖല ഡയറക്ടർ ബഹു. ബിനു പൊൻകാട്ടിലച്ചനും, ഫൊറോന ഭാരവാഹികൾക്കും അന്നേ ദിവസം അലനല്ലൂരിലെത്തിയ മണ്ണാർക്കാട് മേഖലയിലെ എല്ലാ ശാഖാ ഭാരവാഹികൾക്കും നന്ദി അറിയിക്കുന്നു. അലനല്ലൂർ ശാഖാംഗങ്ങൾക്ക് ഭാവുകങ്ങൾ.

**ഏകദിന സെമിനാറുകൾ**

മിഷൻ ലീഗ് രൂപതാ സമിതിയുടെ നേതൃത്വത്തിൽ ആരംഭിച്ചിട്ടുള്ള ഏകദിന സെമിനാറുകൾ പെരി. ബഹുമാനപ്പെട്ട ഫൊറോന വികാരിമാരുടെയും മേഖല ഡയറക്ടേഴ്സിന്റെയും അകമഴിഞ്ഞ സഹകരണത്തോടെ കാര്യക്ഷമമായി മുന്നേറുന്നു. ആഗസ്റ്റ് 9-ന് തിങ്കളാഴ്ച്ച രാവിലെ 10.00 മണിക്ക് ഗൂളിക്കടവ് ഫാത്തിമ മാതാ പാരിഷ്ഹാളിൽ പെരി. ബഹു. ഗിൽബർട്ട് എട്ടൊന്നിൽ ഉദ്ഘാടനം നിർവ്വഹിച്ച താവളം മേഖല ഏകദിന സെമിനാറിൽ 350 അംഗങ്ങൾ പങ്കെടുത്തു. ആഗസ്റ്റ് 14 ശനിയാഴ്ച്ച രാവിടെ 10.00 മണിക്ക് കാഞ്ഞിരപ്പുഴ പള്ളിയുടെ പാരിഷ്ഹാളിൽ പെരി. ബഹു. ജോസ് ചിറ്റിലപ്പിള്ളിയച്ചൻ തിരിതെളിച്ച് ഉദ്ഘാടനം ചെയ്ത കാഞ്ഞിരപ്പുഴ മേഖല ഏകദിന സെമിനാറിൽ 195 അംഗങ്ങളും. ആഗസ്റ്റ് 21-ന് രാവിലെ 10.00 മണിക്ക് കല്ലടിക്കോട് മേരിമാതാപ്പള്ളിയുടെ പാരിഷ്ഹാളിൽ വെ.ബഹു. പീറ്റർ കുരുതുകുളങ്ങരയച്ചൻ തിരിതെളിച്ച് ഉദ്ഘാടനം ചെയ്ത പൊന്നങ്കോട് മേഖല ഏകദിന സെമിനാറിൽ 111 അംഗങ്ങളും പങ്കെടുത്തു. ഏകദിന സെമിനാറുകൾ വിജയിപ്പിക്കാനായി അദ്ധ്വാനിക്കുകയും നേതൃത്വം നൽകുകയും ചെയ്ത പെരി. ബഹു. ഫൊറോന വികാരിമാർക്കും മേഖല ഡയറക്ടേഴ്സിനും, ഭാരവാഹികൾക്കും മതാദ്ധ്യാപകർക്കും ഹൃദയം നിറഞ്ഞ നന്ദി.





**രൂപതാ കലോത്സവം**

ഈ വർഷത്തെ ചെറുപുഷ്പ മിഷൻ ലീഗ് അംഗങ്ങൾക്കുവേണ്ടിയുള്ള രൂപതാ തലത്തിലുള്ള കലോത്സവം ഒക്ടോബർ 9-ാം തിയ്യതി ശനിയാഴ്ച്ച പാലക്കാട് പാസ്റ്ററൽ സെന്ററിൽ വെച്ചാണ് നടത്തുന്നത്. ആയതിനാൽ എല്ലാ മേഖലകളിലും സെപ്തംബർ മാസത്തിൽ തന്നെ മേഖലാ കലോത്സവങ്ങൾ സംഘടിപ്പിക്കുവാൻ ബന്ധപ്പെട്ട മേഖലാ ഡയറക്ടേഴ്സും ഭാരവാഹികളും ശ്രദ്ധിക്കുക. രൂപതാ കലോത്സവത്തിന്റെ രജിസ്ട്രേഷനുള്ള അവസാന തിയ്യതി ഒക്ടോബർ 2 ശനിയാഴ്ച്ചയാണ് എന്ന കാര്യം മറക്കരുതേ.

**സുകൃത ജപം:**

വാഴ്ത്തപ്പെട്ട മദർ തെരേസേ ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണേ.

**ഫാ. ബിജു കല്ലിങ്കൽ**
ഡയറക്ടർ, സി. എം. എൽ.

# സെഹിയോൻ ധ്യാനകേന്ദ്രം.

**ധ്യാനങ്ങൾ**

| **മാസം** | **തീയതി** | **ധ്യാനം നയിക്കുന്നത്** |
|---|---|---|
| സെപ്റ്റം. | 5-10 | വൈദികരുടെ ധ്യാനം.<br>ഫാ. സേവ്യർ ഖാൻ വട്ടായിൽ |
| സെപ്റ്റം. | 19-24 | ആന്തരികസൗഖ്യ വളർച്ചാധ്യാനം.<br>ഫാ. ബിനോയ് കരിമരുതിങ്കൽ |
| സെപ്റ്റം.26 ഒക്ടോ. 1 | | ആന്തരികസൗഖ്യ വളർച്ചാധ്യാനം.<br>ഫാ. ബിനോയ് കരിമരുതിങ്കൽ |

50 രൂപ അടച്ച് മുൻകൂട്ടി രജിസ്റ്റർ ചെയ്യുന്നവർക്ക് മാത്രം പ്രവേശനം. രജിസ്റ്റർ ചെയ്യാതെ വരുന്നവരെ ധ്യാനത്തിൽ പ്രവേശിപ്പിക്കുന്നതല്ല. ധ്യാനങ്ങൾ ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2.00 മണിക്ക് ആരംഭിച്ച് വെള്ളിയാഴ്ച രാവിലെ 8.30 ന് അവസാനിക്കുന്നതാണ്. രജിസ്ട്രേഷൻ സംബന്ധമായ കാര്യങ്ങൾക്ക് ധ്യാനകേന്ദ്രം ഓഫീസുമായി ബന്ധപ്പെടുക.

സമയം : രാവിലെ 9.00 മണിമുതൽ വൈകുന്നേരം 5.00 മണിവരെ.

ഫോൺ : 04924 - 327710

**സെഹിയോൻ ബ്ലോഗ് സന്ദർശിക്കുക**

sehionretratcentre.blogspot.com, sehiontelevision.blogspot.com

Sehion Website : www.sehion.org, www.sehionpriests.org



**Palakkad Rupatha Bulletin**
Editor: Fr. Jaimon Pallineerakkal, Published by: Fr. Dominic Aippenparambil, Bishop's House, Palakkad - 678 004.

**സെഹിയോൻ കൺവെൻഷൻസ്**

സെപ്റ്റംബർ 5 ഞായറാഴ്ച കോയമ്പത്തൂർ ഗാന്ധിപുരം ലൂർദ്ദ് ഫൊറോന പള്ളിയിൽ വൈകുന്നേരം 4.00 മണിമുതൽ 8.30 വരെ സായാഹ്ന കൺവെൻഷൻ.

പാലക്കാട് കൺവെൻഷൻ സെപ്റ്റംബർ 19-21 പാലക്കാട് മുൻസിപ്പൽ ടൗൺഹാളിൽ രാവിലെ 9.30 മുതൽ വൈകുന്നേരം 4.00 വരെ .

**ഫാ. സേവ്യർഖാൻ വട്ടായിൽ.**
ഡയറക്ടർ, സെഹിയോൻ ധ്യാനകേന്ദ്രം.

# നവീകരണ മുന്നേറ്റം

**ഏകദിന ദമ്പതി ധ്യാനം**

സെപ്റ്റംബർ 11-ാംതിയതി ശനിയാഴ്ച രാവിലെ 9.30 മുതൽ 3.30 വരെ പാലക്കാട് പാസ്റ്ററൽ സെന്ററിൽ വച്ച് ഏകദിന ദമ്പതി കൺവെൻഷൻ നടത്തുന്നു.

**ലീഡേഴ്സ് കൂട്ടായ്മ.**

സോൺ തലത്തിൽ പതിവുള്ള ലീഡേഴ്സ് കൂട്ടായ്മ സെപ്റ്റംബർ 17 വെള്ളിയാഴ്ച (ജാഗരണ പ്രാർത്ഥനയുടെ തലേ വെള്ളിയാഴ്ച) രാവിലെ 10.00 മുതൽ 3.30 വരെ പാലക്കാട് പാസ്റ്ററൽ സെന്ററിൽ വച്ച് നടക്കുന്നു. എല്ലാ ലീഡേഴ്സും നവീകരണ മുന്നേറ്റത്തിന്റെ വിവിധ തലങ്ങളിൽ പ്രവർത്തിക്കുന്ന എല്ലാവരും ഇതിൽ പങ്കെടുക്കേണ്ടതാണ്.

**ജാഗരണ പ്രാർത്ഥന**

പലക്കാട് സോണൽ കരിസ്മാറ്റിക് സർവ്വീസ് ടീം നേതൃത്വം നൽകുന്ന ജാഗരണ പ്രാർത്ഥന 2010 സെപ്റ്റംബർ 24 വെള്ളി രാത്രി 7.30 മുതൽ പിറ്റേന്ന് രാവിലെ 5.00 വരെ പാലക്കാട് സെന്റ് റാഫേൽസ് കത്തീഡ്രലിൽ വെച്ച് നടത്തുന്നു.

ഡയറക്ടർ റവ. ഫാ. റെനി പുല്ലുകാലായിൽ & ടീം ശുശ്രൂഷകൾക്ക് നേതൃത്വം നൽകും. ഈ രാത്രിയിൽ നമുക്കെല്ലാവർക്കും ഒരുമിച്ച് പ്രാർത്ഥിക്കാം. അനുഗ്രഹങ്ങൾ പ്രാപിക്കാം.

**ക്രിസ്റ്റീൻ മൂവ്മെന്റ്**

സെപ്റ്റംബർ 11-ാം തിയതി (രണ്ടാം ശനിയാഴ്ച) സെന്റ് റാഫേൽസ് സ്കൂളിൽ വച്ച് കുട്ടികൾക്കായി ഏകദിന ക്രിസ്റ്റിൻ ധ്യാനം ഉണ്ടായിരിക്കും.

**ഫാ. റെനി പുല്ലുകാലായിൽ**
ഡയറക്ടർ, നവീകരണമുന്നേറ്റം.





# K.C.S.L

**ബീക്കൺ 2010**

ഈ വർഷത്തെ കെ.സി.എസ്.എൽ നേതൃത്വ പരിശീനല ക്യാമ്പ് ബീക്കൺ 2010 ആഗസ്റ്റ് 24, 25, 26 തിയ്യതികളിൽ പാലക്കാട് പാസ്റ്ററൽ സെന്ററിൽ വെച്ച് നടക്കുകയുണ്ടായി. 12 സ്കൂളുകളിൽ നിന്നായി 75 കെ. സി.എസ്.എൽ കൂട്ടുകാർ ക്യാമ്പിൽ പങ്കെടുത്തു. ക്യാമ്പിന് നേതൃത്വം നൽകിയത് ബ്രദർ ആന്റോ തെക്കേകുന്നേൽ, ബ്രദർ എബിൻ ചക്രപുരയ്ക്കൽ, ബ്രദർ ടോണി അറയ്ക്കൽ, സിബിൻ എന്നിവരാണ്. ക്യാമ്പിൽ പങ്കെടുത്ത എല്ലാ സ്കൂളുകൾക്കും സ്നേഹത്തോടെ നന്ദി പറയുന്നു.

ക്യാമ്പ് നയിച്ച ബ്രദേഴ്സിനും, മുഴവൻ സമയവും കൂടെ നിന്ന എല്ലാ ആനിമേറ്റേഴ്സിനും, ക്ലാസ്സുകൾ നയിച്ച ബഹുമാനപ്പെട്ട ഫാ.അരുൺ കലമറ്റം, ഫാ.ജെയ്ജിൻ വെള്ളിയാംകണ്ടം, ഫാ.സജി വട്ടുകുളം, ഫാ.നിലേഷ് തുരുത്തുവേലിൽ എന്നീ അച്ചൻമാർക്കും സ്നേഹത്തോടെ നന്ദി പറയുന്നു. പാസ്റ്ററൽ സെന്ററിലെ എല്ലാ ബഹുമാനപ്പട്ട സിസ്റ്റേഴ്സിനും സഹോദരിസഹോദരങ്ങൾക്കും സ്നേഹത്തോടെ നന്ദി.

**സാഹിത്യമത്സരങ്ങൾ**

രൂപതാതല സാഹിത്യ മത്സരങ്ങൾ സെപ്തംബർ ആദ്യ ശനിയാഴ്ച 4 മേഖലകളിലായി നടക്കുന്നു. പാലക്കാട് മേഖല മത്സരങ്ങൾ സെപ്തംബർ 3 വെള്ളിയാഴ്ച്ചയും മറ്റു മൂന്നു മേഖലകളിൽ സെപ്തംബർ 4 ശനിയാഴ്ച്ചയും നടത്തുന്നു. ആനിമേറ്റേഴ്സ് ശ്രദ്ധിക്കുക.

**സംസ്ഥാനതല സാഹിത്യമത്സരങ്ങൾ**

സംസ്ഥാനതല സാഹിത്യമത്സരങ്ങൾ സെപ്തംബർ 10-ന് വെള്ളിയാഴ്ച തൃശ്ശൂർ സെന്റ് തോമസ് ഹൈസ്കൂളിൽ വച്ച് നടക്കുന്നു. രൂപതാതലത്തിൽ സമ്മാനങ്ങൾ നേടിയവരാണ് സംസ്ഥാനതലത്തിൽ പങ്കെടുക്കേണ്ടത്.

**ഫാ. ആന്റോ കീറ്റിക്കൽ**
ഡയറക്ടർ, കെ. സി.എസ്.എൽ.

# പി.എസ്.എസ്.പി.

**സമഗ്ര കർഷക - കുടുംബ വികസന പദ്ധതി**

തച്ചമ്പാറ, കരിമ്പ, പഞ്ചായത്തിലെ കർഷക കുടുംബങ്ങൾക്കായി ഒരു സമഗ്ര കർഷക കുടുംബ വികസന പദ്ധതി നടപ്പിലാക്കുന്നതിന് മുന്നോടിയായി പുതിയ കർഷക സംഘങ്ങൾ രൂപീകരിക്കുകയും നിലവിലുള്ള വിവിധ സംഘങ്ങളെയും സമാജങ്ങളെയും ശാക്തീകരിച്ച് വരുകയും ചെയ്യുന്നു.



Palakkad Rupatha Bulletin
Editor: Fr. Jaimon Pallineerakkal, Published by: Fr. Dominic Aippenparambil, Bishop's House, Palakkad - 678 004.

പ്രസ്തുത പദ്ധതിയുടെ ഗുണഭോക്താക്കളാകുവാൻ താത്പര്യമുള്ള വ്യക്തികൾ അയൽക്കൂട്ടങ്ങൾ ഉടൻതന്നെ പി.എസ്.എസ്.പി കോർഡിനേറ്ററുമായി ബന്ധപ്പെടുക.

**ജില്ലാ വിമൻസ് ഫെഡ് മീറ്റിംഗ്**

ജില്ലാ വിമൻസ് ഫെഡ് മീറ്റിംഗ് 1-9-10-ന് ബുധനാഴ്ച്ച കാലത്ത് 11 മണിക്ക് പി.എസ്.എസ്.പിയിൽ വച്ച് നടത്തുന്നു.

**ബ്ലോക്കു ഫെഡ് മീറ്റിംഗുകൾ**

| തിയ്യതി | ബ്ലോക്ക് | സ്ഥലം | സമയം |
|---|---|---|---|
| 6.9.10 തിങ്കൾ | പാലക്കാട്/ മലമ്പുഴ | പാസ്റ്ററൽ സെന്റർ, പാലക്കാട് | 11 am |
| 8.9.10 ബുധൻ | മണ്ണാർക്കാട് | അക്ഷയ MS, പൂഞ്ചോല | 11 am |
| 8.9.10 ബുധൻ | നെന്മാറ | നെന്മാറ പാരിഷ് ഹാൾ | 11 am |
| 9.9.10 വ്യാഴം | ശ്രീകൃഷ്ണപുരം | ദർശന MS, കോണിക്കഴി | 11 am |
| 9.9.10 വ്യാഴം | ആലത്തൂർ | FCC, വടക്കഞ്ചേരി | 11 am |
| 10.9.10 വെള്ളി | കുഴൽമന്ദം | പുലരി MS, കളപ്പെട്ടി | 2 am |
| 10.9.10 വെള്ളി | ചിറ്റൂർ | പഞ്ചായത്ത് ഓഫീസ്, പെരുമാട്ടി | 11 am |

**റീജിയണൽ ഓഫീസ് ദിവസങ്ങൾ**

| തിയ്യതി | ദിവസം | സ്ഥലം | സമയം |
|---|---|---|---|
| 15.9.10 | ബുധൻ | നെന്മാറ പാരിഷ്ഹാൾ | 11.00 to 2.00 pm |
| 16.9.10 | വ്യാഴം | കരിമ്പ പാരിഷ്ഹാൾ | 11.00 to 2.00 pm |
| 21.9.10 | ചൊവ്വ | സാൻജോ ടവ്വർ | 10.00 to 2.00 pm |

**മെഡിക്ലെയിം**

ആശുപത്രിയിൽ കിടന്നു ചികിത്സിക്കുമ്പോൾ ചെലവാകുന്ന സംഖ്യ മടക്കി ലഭിക്കുന്ന ഒരു മെഡി ക്ലെയിം പദ്ധതി ഓറിയന്റൽ ഇൻഷുറൻസ് കമ്പനിയുമായി ചേർന്ന് പി.എസ്.എസ്.പി. നടത്തിവരുന്നു. ഒരു വർഷത്തേക്ക് ഒരു വ്യക്തിക്ക് 300 രൂപയും 5 പേരടങ്ങുന്ന കുടുംബത്തിന് 450 രൂപയും 7 പേരടങ്ങുന്ന കുടുംബത്തിന് 600 രൂപയുമാണ് പ്രീമിയം. വർഷം 30000 രൂപ വരെ ആനുകൂല്യം ലഭിക്കും. 20 വയസ് കഴിഞ്ഞ ആൺകുട്ടികളേയും, വിവാഹം കഴിഞ്ഞ പെൺകുട്ടികളെയും പദ്ധതിയിൽ ഉൾപ്പെടുത്തുന്നതല്ല. കൂടുതൽ വിവരങ്ങൾക്ക് പി.എസ്.എസ്.പി. ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്.

**ന്യൂനപക്ഷ അയൽകൂട്ടങ്ങൾ (ഗ്രൂപ്പ്)**

ഇടവകകളിൽ രൂപീകൃതമായ അയൽക്കൂട്ടങ്ങളെ (ന്യൂനപക്ഷ ഗ്രൂപ്പുകൾ, ആൺ/പെൺ) എത്രയും വേഗം പി.എസ്.എസ്.പിയിൽ അഫിലിയേറ്റു ചെയ്യുക. പല സാമൂഹികക്ഷേമ പദ്ധതികൾക്കും ഇത് ഉപകാരമായിരിക്കും. നല്ല രീതിയിൽ പ്രവർത്തിച്ചുവരുന്ന സംഘങ്ങൾക്ക് വേണ്ടി വിവിധതരം പ്രോജക്ടുകൾ ആവിഷ്കരിച്ചുവരുന്നു. ബഹു. വികാരിയച്ചന്മാർ ഇക്കാര്യത്തിൽ പ്രത്യേകം താത്പര്യമെടുക്കുമല്ലോ.





**ജില്ലാ വിമൻസ് ഫെഡ് കമ്മിറ്റി**

4.8.10-ന് ജില്ലാ വിമൻസ് ഫെഡിന്റെ തെരഞ്ഞെടുപ്പു നടത്തി പുതിയ ഭാരവാഹികളെ തെരഞ്ഞെടുത്തു. രണ്ടു വർഷമായിരിക്കും ഈ കമ്മിറ്റിയുടെ കാലാവധി.

| | | |
|---|---|---|
| ശ്രീമതി റോസമ്മ ബേബി | മണ്ണാർക്കാട് | പ്രസിഡന്റ് |
| ശ്രീമതി സാലി ബേബിച്ചൻ | ആലത്തൂർ | വൈസ് പ്രസിഡന്റ് |
| ശ്രീമതി ലിസി മാത്യു | പി.എസ്.എസ്.പി | സെക്രട്ടറി |
| ശ്രീമതി വിജി ബിനു | പാലക്കാട് | ജോയിന്റ് സെക്രട്ടറി |
| ശ്രീമതി റാണി വിശ്വനാഥ് | ശ്രീകൃഷ്ണപുരം | ഖജാൻജി |
| ശ്രീമതി അഡ്വ.അനിത | പി.എസ്.എസ്.പി | കമ്മിറ്റി മെമ്പേഴ്സ് |
| ശ്രീമതി ഷീല ജോൺ | മണ്ണാർക്കാട് | കമ്മിറ്റി മെമ്പേഴ്സ് |
| ശ്രീമതി അജിത | കുഴൽമന്ദം | കമ്മിറ്റി മെമ്പേഴ്സ് |
| ശ്രീമതി സുഗന്ധി | നെന്മാറ | കമ്മിറ്റി മെമ്പേഴ്സ് |
| ശ്രീമതി വിജയകുമാരി | ചിറ്റൂർ | കമ്മിറ്റി മെമ്പേഴ്സ് |
| ശ്രീമതി റോസ് | മലമ്പുഴ | കമ്മിറ്റി മെമ്പേഴ്സ് |

**LIC മൈക്രോ ഇൻഷുറൻസ്**

ലൈഫ് ഇൻഷുറൻസ് കോർപറേഷൻ പി.എസ്.എസ്.പിയിലൂടെ പാലക്കാട് ജില്ലയിൽ നടപ്പിലാക്കി വരുന്ന മൈക്രോ ഇൻഷുറൻസ് പദ്ധതി (ജീവൻ മധുർ, ജീവൻ മംഗൾ) യിൽ ആകർഷകമായ കമ്മീഷൻ വ്യവസ്ഥയിൽ പ്രവർത്തിച്ച് സ്ഥിരവരുമാനമുണ്ടാകുവാൻ താത്പര്യമുള്ള വ്യക്തിയിൽ നിന്ന് (സ്ത്രീകൾ, പുരുഷൻമാർ) അപേക്ഷ ക്ഷണിക്കുന്നു. സൗജന്യ പരിശീലനം പി.എസ്.എസ്.പി നൽകുന്നതാണ്. കമ്മീഷനു പുറമേ പ്രത്യേക സമ്മാനങ്ങളും നേടാവുന്നതാണ്. സെപ്തംബർ 14 ചൊവ്വാഴ്ച്ചക്കു മുൻപ് പി.എസ്.എസ്. പിയിൽ പേരു രജിസ്റ്റർ ചെയ്യേണ്ടതാണ്.

**ജൻ ശിക്ഷൻ സൻസ്ഥാൻ പാലക്കാട്**

പീപ്പിൾസ് സർവ്വീസ് സൊസൈറ്റിയുടെ മേൽനോട്ടത്തിൽ കേന്ദ്ര മാനവവിഭവശേഷി വികസന മന്ത്രാലയത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന ജൻ ശിക്ഷൻ സൻസ്ഥാൻ പാലക്കാട് തിരഞ്ഞെടുക്കപ്പെട്ട തൊഴിലാളികൾക്കു വേണ്ടി 2010 സെപ്റ്റംബർ മാസം നടപ്പിലാക്കുന്ന സാങ്കേതിക തൊഴിൽ പരിശീലനങ്ങൾ

| നമ്പർ | കോഴ്സുകൾ | സ്ഥലം | ബാച്ച് എണ്ണം | പഠിതാക്കളുടെ എണ്ണം |
|---|---|---|---|---|
| 1 | കട്ടിംഗ്&ടെയ്‌ലറിംഗ് | ഒമ്മല | 1 | 25 |
| 2 | കട്ടിംഗ് & ടെയ്‌ലറിംഗ് | പുതുനഗരം | 1 | 25 |
| 3 | ഫാബ്രിക് പെയ്ന്റിംഗ് | ചുള്ളിയാർ ഡാം | 1 | 20 |
| 4 | ഫാബ്രിക് പെയ്ന്റിംഗ് | കൊടുവായൂർ | 1 | 20 |
| 5 | ഫാബ്രിക് പെയ്ന്റിംഗ് | പാവുകോണം | 1 | 26 |
| 6 | ഫാബ്രിക് പെയ്ന്റിംഗ് | അട്ടയാംപതി | 1 | 20 |



**Palakkad Rupatha Bulletin**
Editor: Fr. Jaimon Pallineerakkal, Published by: Fr. Dominic Aippenparambil, Bishop's House, Palakkad - 678 004.

| | | | | |
|---|---|---|---|---|
| 7 | പേപ്പർ ബാഗ് നിർമ്മാണം &സ്ക്രീൻ പ്രിന്റിംഗ് | പോത്തംപാടം | 1 | 20 |
| 8 | ബുക്ക് ബൈൻറിംഗ് | ആഷാദീപം | 1 | 20 |
| 9 | ഇലക്ട്രീഷ്യൻ | എലപ്പുള്ളി | 1 | 24 |
| 10 | ഇലക്ട്രീഷ്യൻ | മീനാക്ഷിപുരം | 1 | 28 |
| 11 | ഇലക്ട്രീഷ്യൻ | പാലൂർ,പുതൂർ | 1 | 18 |
| 12 | ഇലക്ട്രീഷ്യൻ | ഗുഡിയാർഗണ്ടി | 1 | 20 |
| 13 | ഇലക്ട്രീഷ്യൻ | ധാന്യം പുതൂർ | 1 | 20 |
| | **ആകെ** | | **13** | **286** |

**അന്തർദ്ദേശീയ സാക്ഷരതാ വാരാചരണം**

അന്തർദ്ദേശീയ സാക്ഷരതാ വാരാചരണത്തോടനുബന്ധിച്ച് ജൻ ശിക്ഷൻ സൻസ്ഥാൻ പാലക്കാടിന്റെ ആഭിമുഖ്യത്തിൽ സെപ്റ്റംബർ 8 മുതൽ 13 വരെ ജില്ലയുടെ വിവിധ ഭാഗങ്ങളിലായി സാക്ഷരതാ വാരാചരണ പരിപാടികൾ നടത്തുന്നു. വാരാചരണ സമാപന സമ്മേളനവും ജെ.എസ്.എസ് തൊഴിൽ പരിശീലന പഠിതാക്കളുടെ സംഗമവും സംരംഭകത്വ വികസന പരിശീലനവും സെപ്റ്റംബർ 13-ാം തിയതി രാവിലെ 10.30ന് ചക്കാന്തറ പാസ്റ്ററൽസെന്ററിൽ വച്ച് നടത്തുന്നതാണ്.

**സെൽഫ് ഫിനാൻസിംങ്ങ് കോഴ്സുകളുടെ അഡ്മിഷൻ തുടരുന്നു.**

ജൻ ശിക്ഷൻ സൻസ്ഥാൻ പാലക്കാട് ജില്ലാ ആസ്ഥാനമായ ചക്കാന്തറ പാസ്റ്ററൽ സെന്ററിൽ വെച്ച് ആരംഭിക്കുന്ന സെൽഫ് ഫിനാൻസിംങ്ങ് കോഴ്സുകളിലേക്കുള്ള അഡ്മിഷൻ തുടരുന്നു. 2010 ഒക്ടോബർ 1 മുതൽ ക്ലാസുകൾ ആരംഭിക്കുന്നു. കോഴ്സുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു. പ്രസ്തുത കോഴ്സുകളുടെ പ്രവേശനത്തിന് വിദ്യാഭ്യാസയോഗ്യത ബാധകമല്ല.

| നമ്പർ | കോഴ്സുകൾ | കാലാവധി |
|---|---|---|
| 1 | ഫാഷൻ ഡിസൈനിംഗ് | 6 മാസം |
| 2 | ഹാന്റ് & മെഷീൻ എംബ്രോയിഡറി | 6 മാസം |
| 3 | സ്ക്രീൻ പ്രിന്റിംഗ് & ടെക്സ്റ്റൈൽ പ്രിന്റിംഗ് | 3 മാസം |
| 4 | മൊബൈൽ ഫോൺ റിപ്പയറിംഗ് & സർവ്വീസിംഗ് | 3 മാസം |

**ഫാ. ജേക്കബ് മാവുങ്കൽ**
എക്സി. സെക്രട്ടറി, പി.എസ്.എസ്.പി.





# From the Bishop's Diary

**2010 ജൂലൈ**

21 - വിദേശത്തുനിന്നും തിരിച്ചെത്തി.
- കല്ലടിക്കോട്, പൊമ്പ്ര, പുല്ലിശ്ശേരി പള്ളികൾ സന്ദർശിച്ചു.

22-23 - നാമഹേതുക തിരുനാൾമംഗളങ്ങൾ നേരാൻ വന്നവരെ സ്വീകരിച്ചു.

24 - പാലക്കാട് മേഴ്സി കോളേജ് ഓഡിറ്റോറിയത്തിൽ സി.ആർ.ഐ. മീറ്റിംഗിൽ സംബന്ധിച്ചവർക്ക് ആമുഖ സന്ദേശം നൽകി.

25 - വി. യാക്കോബ് ശ്ലീഹായുടെ തിരുനാളിനോടനുബന്ധിച്ച് കല്ലേപ്പുള്ളി ഇടവക ദൈവാലയത്തിൽ വി. കുർബാന അർപ്പിച്ചു.
- കത്തീഡ്രലിൽ ഒരു വിവാഹം ആശീർവ്വദിച്ചു.

26 - അരമനയിൽ ബഹു. വൈദികരുടെ മാസധ്യാനത്തിൽ സംബന്ധിച്ചു.

27 - വടക്കഞ്ചേരി ദൈവദാൻ വൃദ്ധസദനം സന്ദർശിച്ചു.

28 - കല്ലേപ്പുള്ളി മൈനർ സെമിനാരിയിൽ ബിഷപ്സ് ഡേ പരിപാടികളിൽ സംബന്ധിച്ചു.

29 - മൈലംപുള്ളി ഹോളി ഫാമിലി നൊവിഷ്യേറ്റ് ഹൗസിൽ നൊവീസ്സസിന് ക്ലാസ്സെടുത്തു.

31. - പാസ്റ്ററൽ സെന്ററിൽ വച്ചുനടന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പ്രധാനാദ്ധ്യാപകരുടെ സമ്മേളനത്തിൽ സന്ദേശം നൽകി.
- മംഗലംഡാം ഫൊറോനയുടെ ഔദ്യോഗിക ഉദ്ഘാടനം പ്രമാണിച്ച് വിശുദ്ധ കുർബാനയർപ്പിച്ചു. തുടർന്ന് നടന്ന സമ്മേളനത്തിൽ ആദ്ധ്യക്ഷ്യം വഹിച്ചു.

**2010 ആഗസ്റ്റ്**

1 - പള്ളിപ്പുറം ഫൊറോന പള്ളിയിൽ പുതിയ അൾത്താര കൂദാശചെയ്ത് വി. കുർബാനയർപ്പിച്ചു, തിരുനാൾ സന്ദേശം നൽകി.

2-6 കാക്കനാട് മൗണ്ട് സെന്റ് തോമസിൽ അഭിവന്ദ്യ പിതാക്കന്മാർക്കുള്ള ധ്യാനത്തിൽ സംബന്ധിച്ചു.

6 - കാക്കനാട് മൗണ്ട് സെന്റ് തോമസിൽ കെ.സി.ബി.സി. മീറ്റിംഗിൽ പങ്കെടുത്തു.

7 - പൊന്നംകോട് ഫൊറോനയുടെ ഔദ്യോഗിക ഉദ്ഘാടനം പ്രമാണിച്ച് വിശുദ്ധ കുർബാനയർപ്പിച്ചു. തുടർന്ന് നടന്ന സമ്മേളനത്തിൽ ആദ്ധ്യക്ഷ്യം വഹിച്ചു.

8 - പുല്ലിശ്ശേരി സെന്റ് മേരീസ് ദൈവാലയത്തിൽ കുട്ടികൾക്ക് പ്രഥമ ദിവ്യകാരുണ്യവും സ്ഥൈര്യലേപനവും നൽകി, വി. കുർബാനയർപ്പിച്ചു. ശയ്യാവലംബികളായ രോഗികളെ സന്ദർശിച്ച് പ്രാർത്ഥിച്ചു.
- പാലാംപറ്റ സെന്റ് ജോൺ മേരി വിയാന്നി പ്രാർത്ഥനാ മന്ദിരം വെഞ്ചരിച്ച് വി. കുർബാനയർപ്പിച്ചു.



**Palakkad Rupatha Bulletin**
Editor: Fr. Jaimon Pallineerakkal, Published by: Fr. Dominic Aippenparambil, Bishop's House, Palakkad - 678 004.

- മണ്ണാർക്കാട് പെരിമ്പടാരി ഡോമിനിക്കൻ ജനറലേറ്റിൽ ചെന്ന് വി. ഡൊമിനിക്കിന്റെ തിരുനാൾമംഗളങ്ങൾ നേർന്നു.
- മണ്ണാർക്കാട് ഫൊറോനയിലെ ടൗൺ കുടുംബയൂണിറ്റിന്റെ സമ്മേളനത്തിൽ സംബന്ധിച്ച് സന്ദേശം നൽകി.

9 – കാക്കനാട് മൗണ്ട് സെന്റ് തോമസിൽ കാറ്റികിസം കമ്മീഷൻ മീറ്റിംഗിൽ സംബന്ധിച്ചു.

10. – അരമനയിൽ എപ്പാർക്കിയൽ കൺസൾട്ടേഴ്സ് മീറ്റിംഗിലും എപ്പാർക്കിയൽ പ്രസ്ബിറ്ററൽ കൗൺസിൽ മീറ്റിംഗിലും സംബന്ധിച്ചു.
- ചന്ദ്രനഗർ ദൈവപരിപാല പള്ളി സന്ദർശിച്ചു. ഇടവകാംഗങ്ങൾ വൈദികവിദ്യാർത്ഥികൾക്കുവേണ്ടി ഉദാരമായി നൽകിയ സംഭാവന സ്വീകരിച്ചു.

11 – കത്തീഡ്രലിൽ ഹോളി ഫാമിലി കോൺഗ്രിഗേഷനിലെ 8 സന്യാസാർത്ഥിനികൾക്ക് സഭാവസ്ത്രം നൽകി, വിശുദ്ധ കുർബാനയർപ്പിച്ചു.

12 – താവളം സെഹിയോൻ ധ്യാനകേന്ദ്രത്തിൽ വൈദികരുടെ ധ്യാനത്തിൽ സംബന്ധിച്ചവർക്ക് സന്ദേശം നൽകി.

13 – അരമനയിൽ സെഹിയോൻ ട്രസ്റ്റിന്റെ മീറ്റിംഗിൽ ആദ്ധ്യക്ഷ്യം വഹിച്ചു.

14 – പാസ്റ്ററൽ സെന്ററിൽ കൈക്കാരന്മാരുടെ സമ്മേളനത്തിൽ ആദ്ധ്യക്ഷ്യം വഹിച്ചു.
- പാലക്കാട് 'സമഗ്ര'യിൽ ആരംഭിച്ച മ്യൂസിക് അക്കാദമി ഉദ്ഘാടനം ചെയ്തു.

15 – തത്തമംഗലം ഫൊറോനയുടെ ഔദ്യോഗിക ഉദ്ഘാടനം പ്രമാണിച്ച് വിശുദ്ധ കുർബാനയർപ്പിച്ചു. തുടർന്ന് നടന്ന സമ്മേളനത്തിൽ ആദ്ധ്യക്ഷ്യം വഹിച്ചു.
- പോതന്നൂർ ഇടവകയിലെ ശാലോം ബൈബിൾ കൺവൻഷന് സമാപന സന്ദേശം നൽകി.
- കോയമ്പത്തൂർ ആവില കോൺവെന്റ് സന്ദർശിച്ചു.

16 – തൃശ്ശൂർ കോട്ടപ്പടി ദൈവാലയത്തിൽ വി. കുർബാനയർപ്പിച്ചു.

17-19 കാക്കനാട് മൗണ്ട് സെന്റ് തോമസിൽ സീറോ മലബാർ ബിഷപ്പ്സ് സിനഡിൽ സംബന്ധിച്ചു.

19-22 കാക്കനാട് മൗണ്ട് സെന്റ് തോമസിൽ സീറോ മലബാർ മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലിയിൽ സംബന്ധിച്ചു.

23 – അഭിവന്ദ്യ മാർ ജോസഫ് ഇരിമ്പൻ പിതാവിന്റെ 13-ാം ചമരവാർഷികത്തോടനുബന്ധിച്ച് കത്തീഡ്രലിൽ വി. കുർബാനയർപ്പിച്ചു.
- മലമ്പുഴ കൃപാസദൻ അന്തേവാസികളെ സന്ദർശിച്ച് ഓണാശംസകൾ നേർന്നു.
- മലമ്പുഴ ഹോളിഫാമിലി കോൺവെന്റിലെ സി. നിക്കോളാസിന്റെ മൃതദേഹസംസ്ക്കാര ശുശ്രൂഷയ്ക്ക് കാർമ്മികത്വം വഹിച്ചു.

23-28 കാക്കനാട് മൗണ്ട് സെന്റ് തോമസിൽ സീറോ മലബാർ ബിഷപ്പ്സ് സിനഡിൽ സംബന്ധിച്ചു.







**Palakkad Rupatha Bulletin**
Editor: Fr. Jaimon Pallineerakkal, Published by: Fr. Dominic Aippenparambil, Bishop's House, Palakkad - 678 004.